
# വേദാഭിമാനി

**വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി**

Vol.15 | No.4 | കാർത്തികപ്പള്ളി | R.No. 7361/02 | 2015 APRIL

*e-paper : vedabhimani*


## ഹെരോദാ രാജാവിന്റെ കൊട്ടാരം



ഹെരോദാ രാജാവ് യേശുവിനെ വിചാരണ ചെയ്ത കൊട്ടാരം കണ്ടെത്തി.

യോഹന്നാന്റെ സുവിശേഷത്തിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിലാണു ചരിത്ര ഗവേഷകർ കൊട്ടാരം തിരിച്ചറിഞ്ഞത്. യേശുവിനെ വിചാരണ ചെയ്ത സ്ഥലം ഉടൻ തീർത്ഥാടകർക്കായി തുറന്നുകൊടുക്കാനാണ് ഇസ്രായേൽ തീരുമാനം.

ദാവീദിന്റെ ഗോപുരത്തിനു സമീപമാണു കൊട്ടാരത്തിന്റെ സ്ഥാനം. 15 വർഷം മുമ്പാണ് കൊട്ടാരം കണ്ടെത്തിയത്. തുടർഗവേഷണങ്ങളാണു ഹെരോദാവിന്റെ ജറുശലേമിലെ കൊട്ടാരം തിരിച്ചറിയാൻ സഹായകമായത്.

പഴയ ജറുശലേമിലാണു ഹെരോദാവിന്റെ കൊട്ടാരമെന്ന കാര്യത്തിൽ ഗവേഷകർക്ക് ഏകാഭിപ്രായമായിരുന്നു. എന്നാൽ ക്രിസ്തുവിനെ വിചാരണ ചെയ്ത സ്ഥലം സംബന്ധിച്ചായിരുന്നു തർക്കം. പൊന്തിയോസ് പീലാത്തോസ് യേശുവിനെ വിചാരണ ചെയ്തതും ഹെരോദാവിന്റെ കൊട്ടാരവളപ്പിലാണെന്നു ഒരു വിഭാഗം ഗവേഷകർ ഉറച്ചുനിന്നതോടെയാണു തർക്കം തുടങ്ങിയത്. ടെമ്പിൾ മൗണ്ടിലായിരുന്നു വിചാരണയെന്ന വാദവും ശക്തമായിരുന്നു. എന്നാൽ യോഹന്നാന്റെ സുവിശേഷത്തെ അടിസ്ഥാനമാക്കിയാണ് അന്തിമ തീരുമാനമായത്. നോർത്ത് കരോളിന സർവകലാശാലയിലെ ഷിമോൺ ഗിബ്സണിന്റെ നേതൃത്വത്തിലുള്ള ഗവേഷകരാണു വിചാരണ സ്ഥലം സംബന്ധിച്ച തെളിവുകൾ പുറത്തുവിട്ടത്. എന്നാൽ ഇതു സംബന്ധിച്ച് സഭകൾ നിലപാട് വ്യക്തമാക്കിയിട്ടില്ല.

## മേരിയുടെ സുവിശേഷം

ആറാം നൂറ്റാണ്ടിലേതെന്നു കരുതുന്ന മേരിയുടെ സുവിശേഷം കണ്ടെത്തി. "മേരിയുടെ സുവിശേഷം" എന്നു വിശേഷിപ്പിക്കപ്പെടുന്നുണ്ടെങ്കിലും ഈ പുസ്തകത്തെ ബൈബിളിലെ സുവിശേഷങ്ങളുടെ ഭാഗമായി കരുതുന്നില്ല. ക്രിസ്തുവിനെക്കുറിച്ചുള്ള പരാമർശങ്ങൾക്കുപകരം പ്രതിസന്ധികളിൽനിന്നു കരകയറാനുള്ള മാർഗങ്ങളാണു പുസ്തകത്തിലുള്ളത്.



കോപ്റ്റിക് ഭാഷയിൽ ആറാം നൂറ്റാണ്ടിലാണ് പുസ്തകം രചിക്കപ്പെട്ടതെന്നാണു സൂചന. ഹാർവാർഡ് സർവകലാശാലയുടെ സക്ലർ മ്യൂസിയത്തിനു ലഭിച്ചതാണിത്. പ്രിൻസ്ടൺ സർവകലാശാലയിലെ പ്രൊഫ.ആനി ലുജെൻദികിന്റെ നേതൃത്വത്തിലാണു പുസ്തകത്തെക്കുറിച്ചുള്ള പഠനം നടന്നത്. മേരിയുടെ സുവിശേഷമെന്ന നിലയിൽ ക്രിസ്തുവിനെക്കുറിച്ചുള്ള വിവരമാണു പ്രതീക്ഷിച്ചതെന്നു പ്രൊഫ.ആനിയും സമ്മതിക്കുന്നു. 160 പേജുകൾ പഠിച്ചതിൽനിന്നുമാണു പ്രതിസന്ധികൾക്കുള്ള പരിഹാരമാണു പുസ്തകത്തിലുള്ളതെന്നു വ്യക്തമായത്.

"ദൈവത്തിൽ ഹൃദയമർപ്പിക്കുന്നവർക്കു പരിഹാരം ലഭിക്കും. ഇരു മനസുമായി മുന്നോട്ടു പോകരുത്, വിശ്വസിക്കുക" -തുടങ്ങിയ വാക്യങ്ങൾ ഈ പുസ്തകത്തിലുണ്ട്. ബൈബിളിലെ സങ്കീർത്തനങ്ങൾ, ഇയ്യോബ്, സദൃശ്യവാക്യങ്ങൾ, മത്തായി, ലൂക്കോസ്, യോഹന്നാൻ എന്നീ പുസ്തകങ്ങളിലെ വാക്യങ്ങൾ മേരിയുടെ സുവിശേഷത്തിൽ ഇടംപിടിക്കുന്നുണ്ട്. മരണാനന്തര ജീവിതം, സ്വർഗം തുടങ്ങിയവയെക്കുറിച്ചുള്ള പരാമർശങ്ങൾ ഈ പുസ്തകത്തിലില്ല. മതപ്രചാരണത്തിന്റെ ഭാഗമാക്കാതെ മതനേതാക്കൾ സ്വകാര്യമായി സൂക്ഷിച്ചതാകാം പുസ്തകമെന്നും ഗവേഷകർ വിശ്വസിക്കുന്നു. രണ്ടാം നൂറ്റാണ്ടു മുതൽ 17-ാം നൂറ്റാണ്ട് വരെ ഈജിപ്തിൽ സംസാരഭാഷയായിരുന്നു കോപ്റ്റിക്. ഗ്രീക്കിൽനിന്നാണ് ഈ ഭാഷ രൂപപ്പെട്ടത്.

## വാതിലില്ലാത്ത വീടുകളും പൂട്ടില്ലാത്തബാങ്കും




കള്ളന്മാരെന്നു കേട്ടാൽ പേടിയില്ലാത്തവർ ആരും തന്നെയില്ല. എന്നാൽ മഹാരാഷ്ട്രയിലെ ശനി ശിഖ്നപൂർ എന്ന ഗ്രാമത്തിന് അങ്ങനെയൊരു പേടിയില്ല. അതിന് അവർക്ക് ചില വിശ്വാസങ്ങൾ പിൻബലമേകും. ശിഖ്നപൂരിലെ 90 ശതമാനം വീടുകൾക്കും വാതിലില്ല. സമ്പാദ്യമെല്ലാം ഭദ്രമാക്കി വച്ച് മനസമാധാനത്തോടെ തന്നെയാണ് ഇവർ ഉറങ്ങാറുള്ളതും. വർഷങ്ങൾക്ക് മുമ്പ് ശനിദേവൻ വിശ്വാസികളുടെ സ്വപ്നത്തിൽ വന്ന് ഗ്രാമത്തിലെ വീടുകൾക്ക് വാതിലുകളുടെ ആവശ്യമില്ലെന്നും സമ്പാദ്യം താൻ സംരക്ഷിക്കുമെന്ന് വാക്ക് നൽകിയതായാണ് ഇവർ വിശ്വസിക്കുന്നത്. ഗ്രഹങ്ങളിൽ ഒന്നായ ശനിദേവന്റെ ശക്തിയെ മൂടിവയ്ക്കാനോ തടഞ്ഞുവയ്ക്കാനോ കഴിയില്ലെന്ന വിശ്വാസമാണ് വാതിൽ ഇല്ലാതെ വീടുണ്ടാക്കാൻ ഗ്രാമവാസികളെ പ്രേരിപ്പിച്ചത്. കൗതുകം നിറയുന്ന മറ്റൊരു കാഴ്ചകൂടി ഇവിടെയെത്തിയാൽ കാണാം.

പ്രദേശത്ത് പ്രവർത്തിക്കുന്ന ബാങ്കിന് പൂട്ടുകളില്ല. ബാങ്കിന്റെ മുൻഭാഗത്തായി ചില്ലിട്ട മുറിയിലാണ് പണം സൂക്ഷിക്കുന്നത്. ഈ മുറിക്കും പൂട്ടില്ല. 2010-ൽ അതുവഴി സഞ്ചരിച്ച ഒരു യാത്രക്കാരന്റെ 35000 രൂപ വാഹനത്തിൽ നിന്നും ആരോ മോഷ്ടിച്ചത് മാത്രമാണ് ശിഖ്നപൂരിലെ മോഷണമായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

ഈ സംഭവത്തിന് ശേഷം കള്ളന്മാർ, മാംസാഹാരികൾ, പിടിച്ചുപറിക്കാർ എന്നിവർ ഗ്രാമത്തിൽ വരരുതെന്നും വന്നാൽ മാന്യമായി പെരുമാറണമെന്നും ലഘുലേഖകൾ ഗ്രാമത്തിൽ ഇറക്കിയിരുന്നു. ഇതിന് ശേഷം ഇത്തരം സംഭവങ്ങൾ ഇവിടെ നിന്നും റിപ്പോർട്ട് ചെയ്തിട്ടുമില്ല.



## ഒരു കുഞ്ഞിന് രണ്ട് അമ്മ

ഒരു കുഞ്ഞിന് രണ്ട് അമ്മമാരും ഒരു അച്ഛനും!... മാതാപിതാക്കളെക്കുറിച്ചുള്ള സങ്കൽപം തന്നെ പൊളിച്ചെഴുതാൻ ഒരുങ്ങുകയാണു ശാസ്ത്രലോകം. രണ്ട് അമ്മമാരും ഒരു അച്ഛനുമുള്ള കുഞ്ഞിന്റെ സൃഷ്ടിക്ക് അനുമതി നൽകുന്ന ആദ്യത്തെ രാജ്യമാകാനാണു ബ്രിട്ടന്റെ നീക്കം.

രണ്ടു സ്ത്രീകളിൽ നിന്നും ഒരു പുരുഷനിൽ നിന്നുമുള്ള ജനിതക ഘടകങ്ങൾ സമന്വയിപ്പിച്ച് കുഞ്ഞിനെ സൃഷ്ടിക്കുകയാണു ലക്ഷ്യം. അമ്മയിൽനിന്നു കുഞ്ഞിനു പാരമ്പര്യരോഗങ്ങൾ പകർന്നുകിട്ടാനുള്ള സാധ്യത ഇതിലൂടെ ഒഴിവാകുമെന്ന് ശാസ്ത്രജ്ഞൻ പറയുന്നു. ബ്രിട്ടീഷ് പൊതുസഭയിൽ പ്രധാനമന്ത്രി ഡേവിഡ് കാമറൂൺ അടക്കം 382 പേർ നടപടിയെ അനുകൂലിച്ച് വോട്ട് ചെയ്തു. 128 പേർ എതിർത്തു. ഇരുണ്ട തുരങ്കത്തിനപ്പുറത്തെ വെളിച്ചം എന്നാണു പുതിയ സങ്കേതത്തെ മന്ത്രിമാരിൽ ചിലർ വിശേഷിപ്പിച്ചത്. നിയമനിർമാണത്തിന് പ്രഭുസഭയുടെ അംഗീകാരം കൂടി ലഭിച്ചാൽ ന്യൂകാസിലിലെ ഗവേഷണശാലയിൽ മൂന്നു മാതാപിതാക്കളുള്ള ആദ്യത്തെ കുഞ്ഞിന്റെ സൃഷ്ടിക്കായുള്ള പ്രവർത്തനം തുടങ്ങും. ഇത്തരത്തിലുള്ള ആദ്യത്തെ കുഞ്ഞ് അടുത്ത വർഷം പിറക്കുമെന്നാണു ശാസ്ത്രലോകത്തിന്റെ പ്രതീക്ഷ.

ജനിതക രോഗങ്ങൾ ഇല്ലാതാക്കാൻ കഴിയുമെന്ന പ്രത്യാശയാണു പുതിയ ശാസ്ത്രസാങ്കേതം നൽകുന്നതെന്ന് അനുകൂലിച്ച് വോട്ട് ചെയ്ത കാമറൂൺ പറഞ്ഞു. ജനിതക വൈകല്യമുള്ള മകൻ ഉണ്ടായിരുന്ന തനിക്ക് അത്തരം മാതാപിതാക്കളുടെ മാനസികാവസ്ഥ നന്നായറിയാമെന്നും അദ്ദേഹം പറഞ്ഞു. മൂന്നു മാതാപിതാക്കളിൽ ഒരു സ്ത്രീക്കും പുരുഷനും മാത്രമേ കുഞ്ഞിന്മേൽ അവകാശം ഉണ്ടാകൂ. ഇതുൾപ്പെടെയുള്ള നിയമങ്ങൾ ബ്രിട്ടൺ പാസാക്കിക്കഴിഞ്ഞു. രണ്ടാം അമ്മയ്ക്കു കുഞ്ഞിന്മേൽ യാതൊരു അവകാശവും ഉണ്ടാകില്ല. ഈ അമ്മയെപ്പറ്റി അറിയാൻ കുഞ്ഞിനും അനുവാദമുണ്ടാകില്ല. ജനിതക രോഗ സാധ്യത വിലയിരുത്തി മാത്രമേ ഓരോ കുഞ്ഞിന്റെയും സൃഷ്ടി അനുവദിക്കൂ എന്നും നിബന്ധനയുണ്ട്.

ഇതേസമയം, ദൈവിക പ്രവൃത്തിയിലുള്ള മനുഷ്യന്റെ കടന്നുകയറ്റമായി ഈ സാങ്കേതികവിദ്യയെ വിമർശിക്കുന്നവരുമുണ്ട്. ഡിസൈനർ കുഞ്ഞുങ്ങളുടെ സൃഷ്ടിയെ പ്രോത്സാഹിപ്പിക്കുന്ന നടപടിയാകും ഇതെന്നും വിമർശകർ കുറ്റപ്പെടുത്തുന്നു.

## പപ്പടം ഓക്സ്ഫഡിൽ

നമ്മുടെ പപ്പടം ആഗോളനാണ്. പ്രശസ്തി കാരണം പപ്പടത്തെ ഓക്സ്ഫഡ് ഡിക്ഷണറിയിൽ എടുത്തു.



പപ്പട് എന്ന ഹിന്ദിവാക്കാണ് ഓക്സ്ഫഡ് അഡ്വാൻസ്ഡ് ലേണേഴ്സ് ഡിക്ഷണറിയുടെ ഒൻപതാമത് എഡിഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യൻ ഭക്ഷണങ്ങളുടെ ലോകവ്യാപകമായ പ്രചാരമാണ് പപ്പട്, കീമ(അരിഞ്ഞുനുറുക്കിയ ഇറച്ചി) എന്നീ ഇന്ത്യൻ വാക്കുകൾ ഡിക്ഷണറിയുടെ പുതിയ പതിപ്പിൽ ഉൾപ്പെടുത്താൻ കാരണം. ഓക്സ്ഫഡ് ഡിക്ഷണറി പുതിയ പതിപ്പിൽ ഇന്ത്യൻ ഇംഗ്ലീഷിൽനിന്ന് 240 വാക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യൻ ഇംഗ്ലീഷ് വാക്കുകളിലെ അറുപത് ശതമാനവും ഹിന്ദിയിൽ നിന്നാണ് വന്നിട്ടുള്ളത്. ഏതാണ്ട് 900-1000 ഇന്ത്യൻ വാക്കുകൾ ഓക്സ്ഫഡ് ഡിക്ഷണറിയിൽ ഇതിനോടകം ഇടംപിടിച്ചിട്ടുണ്ട്. ഒൻപതാം എഡിഷനിൽ 900 പുതിയ വാക്കുകളുണ്ട്. 20 ശതമാനവും വന്നിട്ടുള്ളത് സോഷ്യൽ മീഡിയയിൽ നിന്നാണ്. ട്രോൾ, കാറ്റ്ഫിഷ്, ട്വിറ്ററാട്ടി, ട്വീട്ട്ഹാർട്ട്, അൺഫ്രണ്ട്, സെൽഫ എന്നീ വാക്കുകളാണ് അവ.


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർക്കി | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ - Rs.150 \| മറ്റ് രാജ്യങ്ങൾ - Rs.2000 | വേദാഭിമാനി, കേരള 690516 |



# വിലയില്ലാത്ത അനുതാപം

വിശുദ്ധ ബൈബിളിൽ അനുതപിക്കുന്നവരെക്കുറിച്ചു പറയുന്നുണ്ട്. യഥാർത്ഥമായ അനുതാപം വഴി ദൈവത്തിലേക്കു തിരിയുന്നവരെ നാം അവിടെ കണ്ടുമുട്ടുന്നു. തന്റെ പാപവഴികളെ വെറുത്തുപേക്ഷിക്കുന്നവർക്ക് പുതിയ ഒരു ഹൃദയം കൊടുത്ത് അനുഗ്രഹിക്കുന്ന ദൈവത്തെയാണ് നാം വേദപുസ്തകത്തിൽ കാണുന്നത്. ചിലരുടെ അനുതാപം ആത്മാർത്ഥതയില്ലാത്ത അനുതാപമായിട്ടാണ് ബൈബിൾ അവതരിപ്പിക്കുന്നത്. എന്റെ അനുതാപം ആത്മാർത്ഥതയുള്ളതാണോ അതോ കപടമാണോ എന്ന് ഞാൻ ആത്മപരിശോധന ചെയ്യണം.

'ഞാൻ പാപം ചെയ്തുപോയി' എന്ന് ഏറ്റുപറഞ്ഞ "ഫറവോ" ബാധകൾ നീങ്ങിയപ്പോൾ പഴയ വഴിയിലേക്കു തിരിഞ്ഞു. തകർച്ചകളും നൊമ്പരങ്ങളും വരുമ്പോൾ അനുതപിക്കുകയും അവയെല്ലാം നീങ്ങുമ്പോൾ പഴയവഴിയിലേക്കു പിന്തിരിയുകയും ചെയ്യുന്ന മനുഷ്യരില്ലേ? 'അവരുടെ ഹൃദയം കഠിനമാക്കി' എന്ന വചനം അത്തരത്തിലുള്ളവരെ ഉദ്ദേശിച്ചാണ്. രക്ഷപെടുവാനുള്ള അടവായി അനുതാപത്തെ പ്രകടിപ്പിക്കുന്നവരാണ് ഇക്കൂട്ടർ. ദൈവം അങ്ങനെയുള്ളവരെ അനുഗ്രഹിക്കില്ല.

ബിലെയാമിന്റെ അനുതാപത്തെക്കുറിച്ചു സംഖ്യാ പുസ്തകത്തിൽ നാം വായിക്കുന്നു. ദൈവത്തിന്റെ ഹിതത്തിൽ നിന്നും അണുവിട മാറുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുന്ന അവൻ വഴി മാറുന്നു. ഇസ്രായേലിനെക്കുറിച്ച് അനുഗ്രഹം നിറഞ്ഞ വാക്കുകൾ പറയുന്ന ആ മനുഷ്യൻ അവരെ നശിപ്പിക്കുന്നതിനുള്ള വഴികൾ ബാലാക്കിനു പറഞ്ഞുകൊടുക്കുന്നു. അനുതപിക്കുന്നു എന്നു പറയുകയും രണ്ടു വള്ളങ്ങളിൽ കാലുകുത്തുകയും ചെയ്യുന്ന വ്യക്തിയെ ആണ് നാം ഇവിടെ കാണുന്നത്. യഥാർത്ഥ അനുതാപമുള്ളവന് ദൈവത്തിന്റെ വഴികൾ മാത്രമെ സ്വീകാര്യതയുള്ളതായി തോന്നുകയുള്ളൂ. വഴികൾ തെറ്റാണെന്നു തിരിച്ചറിഞ്ഞിട്ടും അതേവഴിയിലൂടെ തന്നെ പോകുന്നവർക്ക് ബിലെയാമിന്റെ ജീവിതം ഒരു ചൂണ്ടുപലകയാണ്. അവസാനം ഈ മനുഷ്യന്റെ ജീവിതം മൊവാബ്യരുടെ പാളയത്തിൽ നശിച്ചുപോയി.

ഇസ്രായേലിന്റെ രാജാവായ ശൗൽ ദൈവത്തിന്റെ ആത്മാവിനാൽ നിറഞ്ഞവനായിരുന്നു. ദൈവത്തിന്റെ അഭിഷിക്തനായ ദാവീദിനെ കൊല്ലുവാൻ ശൗൽ അവസരം പാർത്തിരുന്നു. തനിക്കു തെറ്റുപറ്റി എന്ന് പല പ്രാവശ്യം ഏറ്റുപറയുന്നുണ്ട്. തെറ്റിനെക്കുറിച്ചു ബോധ്യം വന്നാലും അവയിൽ നിന്നും വിട്ടുമാറാത്തവന്റെ പ്രതീകമാണ് ശൗൽ. തഴക്കദോഷങ്ങൾക്ക് അടിമപ്പെട്ട പലരും ഈ വഴിയിൽ സഞ്ചരിക്കുന്നവരാണ്. അവരുടെ അനുതാപത്തിന് യാതൊരു വിലയുമില്ല.

യൂദായുടെ അനുതാപം നാം കാണുന്നുണ്ട്. 'ഞാൻ തെറ്റു ചെയ്തുപോയി' എന്നവൻ പറയുന്നുണ്ട്. പക്ഷേ അവന്റെ അനുതാപം താമസിച്ചുപോയി. യേശു നൽകിയ സൂചനകൾ അവൻ പരിഗണിച്ചില്ല. അവസാനം പോയി തൂങ്ങിച്ചത്തു. വൈകിവരുന്ന അനുതാപത്തിനു പ്രസക്തിയില്ല. യേശുവിനെ കൊല്ലുവാൻ വേണ്ടി കൂട്ടുനിന്നിട്ട് 'സത്യമായും ഇവൻ ദൈവപുത്രൻ ആണ്' എന്ന് വൈകിയവേളയിൽ വിശ്വാസ പ്രഖ്യാപനം നടത്തിയ ശതാധിപന്റെ അവസ്ഥയും ഇതുതന്നെയാണ്. ഏറ്റവും ആവശ്യമായ സമയത്ത് അനുതാപം പ്രകടിപ്പിക്കണം. അങ്ങനെയല്ലാത്ത അനുതാപത്തിന് പ്രാധാന്യമില്ല.

ബൈബിളിൽ കാണുന്ന മറ്റൊരു അനുതാപമാണ് ആഖാന്റേത്. ദൈവത്തിനുവേണ്ടി വേർതിരിച്ച വസ്തുക്കൾ അവൻ മോഷ്ടിച്ചു. അതു കണ്ടുപിടിക്കപ്പെട്ടപ്പോൾ അയാൾ അനുതാപം പ്രകടിപ്പിച്ചു. ഈ അനുതാപത്തിൽ സത്യസന്ധതയില്ല. എന്നാൽ ധൂർത്തപുത്രന്റെ അനുതാപം യഥാർത്ഥത്തിലുള്ള അനുതാപമായിരുന്നു. പാപങ്ങൾ ഏറ്റുപറയുകയും പഴയവഴികളെ പൂർണ്ണമായി ഉപേക്ഷിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള അനുതാപമാണ് നമ്മിൽ ഉണ്ടാകേണ്ടത്. ദൈവത്തിലേക്ക് മടങ്ങിവരുന്നവനെ അവിടുന്ന് അനുഗ്രഹിക്കും.



# ദൈവത്തിങ്കലേക്കുള്ള വഴി

യേശുമാത്രമാണ് ദൈവത്തിങ്കലേക്കുള്ള വഴി എന്ന് പറയുന്നത് സങ്കുചിതമായ ചിന്താഗതിയാണോ? ഒരു ദൃഷ്ടാന്തത്തിലൂടെ ഈ ചോദ്യത്തിന് മറുപടി പറയാം. എന്റെ പിതാവിനെ ഒരിക്കലും കണ്ടിട്ടില്ലാത്ത (ഒരു ചിത്രം പോലും കാണാത്ത) ഒരാൾക്ക് എന്റെ പിതാവ് എങ്ങനെയിരിക്കുന്ന വ്യക്തിയാണെന്ന് അറിയാൻ കഴിയുകയില്ല. അതുപോലെ ദൈവത്തെ ഒരിക്കലും കണ്ടിട്ടില്ലാത്ത നമുക്ക് ദൈവത്തെക്കുറിച്ചോ ദൈവത്തിങ്കലേക്കുള്ള വഴിയേക്കുറിച്ചോ ഒന്നും അറിയാൻ കഴിയുകയില്ല. എന്നാൽ യേശുക്രിസ്തുവിനു മാത്രമേ ദൈവത്തിങ്കലേക്കുള്ള വഴി നമ്മെ കാണിക്കാൻ കഴിയൂ. "ഞാൻ തന്നെയാണ് വഴി.... എന്നിലൂടെയല്ലാതെ ആരും ദൈവപിതാവിന്റെ അടുക്കൽ എത്തുന്നില്ല" എന്ന് അതുകൊണ്ടാണ് യേശു പറഞ്ഞത് (യോഹ.14:6). ദൈവത്തിങ്കലേക്കുള്ള ഏക വഴി താനാണെന്നുള്ള യേശുവിന്റെ അവകാശവാദത്തെപ്പറ്റി നാം ചിന്തിക്കുമ്പോൾ നമുക്ക് താഴെപ്പറയുന്ന രണ്ടു നിഗമനങ്ങളിൽ ഒന്ന് സ്വീകരിച്ചേ മതിയാകൂ. ഒന്നുകിൽ യേശുവിന്റെ അവകാശവാദം സത്യമാണ്; അല്ലെങ്കിൽ അവിടുന്ന് ഭോഷ്കു പറയുന്നു. എന്നാൽ യേശു ഭോഷ്കു പറയുന്നു എന്ന് പറയാൻ ആരാണ് ധൈര്യപ്പെടുന്നത്? യേശു ഒരു നല്ല മനുഷ്യനോ ഒരു പ്രവാചകനോ മാത്രം ആയിരുന്നു എന്ന് നാം പറഞ്ഞാൽ ശരിയാകയില്ല. തന്റെ ജീവിതത്തെക്കുറിച്ച് പഠിച്ചാൽ സാക്ഷാൽ ദൈവം മനുഷ്യരൂപത്തിൽ വെളിപ്പെട്ടതാണെന്ന നിഗമനത്തിൽ എത്താൻ നാം നിർബന്ധിതരാകും.

സത്യം എപ്പോഴും സങ്കുചിതമാണ്! ഗണിതശാസ്ത്രത്തിൽ രണ്ടും രണ്ടും കൂട്ടിയാൽ എപ്പോഴും നാല് എന്നു തന്നെയാകും ഉത്തരം. മൂന്നോ അഞ്ചോ ഉത്തരമായി സ്വീകരിക്കാൻ നാം ഒരിക്കലും വിശാലമനസ്കരാകാറില്ലല്ലോ. നാല് എന്ന ശരി ഉത്തരത്തോട് വളരെ അടുത്തുവരുന്ന ഒരു സംഖ്യപോലും ശരി ഉത്തരമായി നാം സ്വീകരിക്കയില്ല. സത്യത്തോട് അല്പമെങ്കിലും നാം വിട്ടുവീഴ്ച കാണിച്ചാൽ നമ്മുടെ ഗണിതശാസ്ത്രകണക്കുകൂട്ടലെല്ലാം തെറ്റും. അതുപോലെ ഭൂമി സൂര്യനു ചുറ്റും കറങ്ങുന്ന ഗ്രഹമാണെന്ന് നമുക്കറിയാം. എന്നാൽ കുറെക്കൂടെ ഹൃദയവിശാലത ഉള്ളവരായി സൂര്യൻ ഭൂമിയെ വലം വയ്ക്കുന്നു എന്നുള്ള സിദ്ധാന്തം നാം അംഗീകരിച്ചാൽ വാനശാസ്ത്രത്തിലെ കണക്കുകൂട്ടലെല്ലാം തെറ്റും. രസതന്ത്രത്തിൽ വെള്ളം എന്നത് രണ്ടുകണിക ഹൈഡ്രജനും ഒരു കണിക ഓക്സിജനും ചേർന്നതാണ്. കറിയുപ്പും ഇതേ രാസഘടനയാണെന്ന് അംഗീകരിക്കാനുള്ള ഹൃദയവിശാലത ആരും കാണിക്കാറില്ലല്ലോ? സത്യം എന്നുള്ളത് എല്ലാ മേഖലയിലും തികച്ചും സങ്കുചിതമാണ് എന്ന് നാം അറിയുന്നു. ദൈവത്തെ സംബന്ധിച്ച സത്യവും അങ്ങനെ തന്നെ. 'വിശാലത' ഗണിതശാസ്ത്രത്തിലും രസതന്ത്രത്തിലും, വാനശാസ്ത്രത്തിലും മാത്രമല്ല ദൈവിക സത്യം അറിയുന്ന കാര്യത്തിലും അപകടകരമാണ് എന്ന് നാം ഗ്രഹിക്കണം.

മനുഷ്യർ എല്ലാവരും പാപികളാണെന്ന് ബൈബിൾ പഠിപ്പിക്കുന്നു. യേശു പാപികൾക്കുവേണ്ടിയാണ് മരിച്ചത്. ക്രിസ്തു മതത്തിൽ ചേരാനായി യേശുവിന്റെ അടുത്തുവന്നാൽ അവിടുന്ന് നിങ്ങളുടെ പാപം ക്ഷമിക്കുകയില്ല. കാരണം ഏതെങ്കിലും മതം ഉണ്ടാക്കുവാനോ മനുഷ്യരെ അതിൽ ചേർക്കുവാനോ അല്ല; പാപിയായ മനുഷ്യനെ രക്ഷിപ്പാനാണ് യേശു ഭൂമിയിൽ അവതരിച്ചത്. പാപികൾക്കുവേണ്ടിയാണ് യേശു മരിച്ചത്. കർത്താവേ ഞാൻ ഒരു പാപിയാണ് എന്ന് സമ്മതിച്ച് യേശുവിന്റെ അടുത്ത് വരുന്നവർക്കു മാത്രമേ പാപക്ഷമ ലഭിക്കുകയുള്ളൂ. പാപികൾക്കുവേണ്ടി മാത്രം അവിടുന്ന് മരിച്ചതിനാൽ ഏതെങ്കിലും മതക്കാരനായി വന്നാൽ പാപക്ഷമ ലഭിക്കയില്ല. ഒരു പാപിയായി യേശുവിന്റെ അടുത്ത് എത്തുന്ന ഏതൊരു വ്യക്തിക്കും ആ ക്ഷണത്തിൽ തന്നെ പൂർണ്ണമായ പാപക്ഷമ ലഭിക്കുന്നു.

ദൈവം നമുക്ക് ഒരു മനസ്സാക്ഷി തന്നിരിക്കുന്നതിനാൽ നാം പാപികളാണെന്നു ഗ്രഹിക്കാൻ എളുപ്പമാണ്. ഒരു തെറ്റിനെക്കുറിച്ച് വേഗത്തിൽ ബോധ്യം ലഭിക്കുമാറ് കുട്ടികൾക്ക് സംവേദനക്ഷമമായ മനസ്സാക്ഷിയുണ്ട്. അവർ വളർച്ച പ്രാപിക്കുമ്പോൾ മനസ്സാക്ഷി കഠിനപ്പെടാൻ സാദ്ധ്യതയുണ്ട്. അഞ്ചു വയസുള്ള ഒരു കുട്ടി കള്ളം പറയുമ്പോൾ അവന്റെ മനസ്സാക്ഷിയിൽ കുറ്റബോധം ഉള്ളത് മുഖത്ത് നിഴലിക്കുന്നു. എന്നാൽ പതിനഞ്ചു വർഷങ്ങൾ പിന്നിടുമ്പോൾ മനസ്സാക്ഷിയുടെ ശബ്ദം തുടർച്ചയായി അവഗണിച്ചാൽ അവന്റെ മനസ്സാക്ഷി കഠിനപ്പെടുകയും യാതൊരു സങ്കോചവും കൂടാതെ കള്ളം പറയാൻ കഴിയുകയും ചെയ്യുന്നു. ഒരു തൂവൽ സ്പർശംപോലും തിരിച്ചറിയത്തക്കവണ്ണം ഒരു ശിശുവിന്റെ കാലിന്റെ ഉപ്പൂറ്റി അത്രയ്ക്ക് മൃദുലമാണ്. എന്നാൽ മൊട്ടുസൂചി തറച്ചുകയറിയാൽ മാത്രം വേദന തോന്നുന്നവിധം മുതിർന്നവരുടെ ഉപ്പൂറ്റി തഴമ്പുള്ളതായിത്തീരുന്നു. വളരുമ്പോൾ മനുഷ്യന്റെ മനസ്സാക്ഷിക്കും ഈ വിധം തഴമ്പുണ്ടാകുക സാധാരണമാണ്.

നാം ധാർമികബോധമുള്ളവരാണെന്ന് നമ്മെ ഓർമിപ്പിക്കാൻ ദൈവം നമ്മുടെ ഉള്ളിൽ തന്നിരിക്കുന്ന ശബ്ദമാണ് മനസ്സാക്ഷി. അത് ദൈവത്തിന്റെ അത്ഭുതകരമായ ദാനമത്രേ. യേശു അതിനെ "ഹൃദയത്തിന്റെ കണ്ണ്" എന്നാണ് വിളിച്ചത് (ലൂക്കോ.11:34). ഈ കണ്ണിനെ നാം ശ്രദ്ധയോടെ പരിപാലിച്ചില്ലെങ്കിൽ താമസിയാതെ നാം ആത്മീയ അന്ധരായിത്തീരും. നിങ്ങളുടെ കണ്ണിൽ പറ്റിപ്പിടിക്കുന്ന പൊടിപടലങ്ങളെ അവഗണിക്കുന്നതുപോലെ അപകടകരമാണ് മനസ്സാക്ഷിയുടെ നേരിയ കുത്തലുകളെ അവഗണിക്കുന്നത്. അത് ഒരുവനെ ആത്മീയ അന്ധതയിൽ എത്തിക്കും.

ശിശുക്കൾക്ക് ജന്മനാ ഒരു മതവും ഇല്ല. രണ്ടുവയസ്സ് പ്രായമായ എല്ലാ കുട്ടികളും ഒരുപോലെയാണ്; സ്വാർത്ഥരും വഴക്കാളികളുമായിരിക്കും എന്നു മാത്രം. എന്നാൽ വർഷങ്ങൾ കടന്നുപോകുമ്പോൾ മാതാപിതാക്കൾ അവരുടെ മതാനുഷ്ഠാനങ്ങൾ കുഞ്ഞുങ്ങളിലേക്ക് പകരുന്നതുകൊണ്ടാണ് പിൽക്കാലത്ത് അവർ വ്യത്യസ്തമതാനുസാരികളാകുന്നത്. ഏതാണ്ട് 90 ശതമാനം ആളുകളെ സംബന്ധിച്ചും അവരുടെ മാതാപിതാക്കന്മാർ അവർക്കുവേണ്ടി തെരഞ്ഞെടുത്ത മതമായിരിക്കും അവരുടേതും, എന്നാൽ ദൈവം നമ്മെ വിവിധ മതസ്ഥരായിട്ടില്ല കാണുന്നത്.

എല്ലാ മനുഷ്യരും ദൈവദൃഷ്ടിയിൽ പാപികളത്രേ. മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരത്തിനുള്ള മരണം വരിക്കാനാണ് യേശു സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്ക് വന്നത്. ദൈവത്തിന്റെ സന്നിധിയിൽ നിൽക്കാൻ യോഗ്യരാണെന്ന് കരുതുന്നവർക്കുവേണ്ടിയല്ല, ദൈവസന്നിധിയിൽ നിൽക്കാൻ അയോഗ്യരാണെന്ന് കണ്ടെത്തിയവർക്കുവേണ്ടിയാണ് യേശു വന്നത്. നിങ്ങൾ ഒരു പാപിയാണെന്ന് നിങ്ങളുടെ മനസ്സാക്ഷി നിങ്ങളോടു മന്ത്രിക്കുന്നു. അങ്ങനെയെങ്കിൽ യേശുവിന്റെ അടുക്കൽ വന്ന് "യേശുവേ ജീവിതത്തിൽ പല തിന്മകളും പ്രവർത്തിച്ച ഒരു പാപിയാണ് ഞാൻ" എന്ന് പറയാൻ ബുദ്ധിമുട്ട് ഉണ്ടാകേണ്ട കാര്യമെന്ത്?



# ബാലവേദി




## ചതിയൻ ചങ്ങാതി

**ഫേയ്സ്ബുക്കും കുട്ടികളും:** സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റ് എന്നാൽ അത് ഫേയ്സ്ബുക്ക് എന്ന് ആയിത്തീർന്നിട്ടുണ്ട്. ഇന്ത്യയിൽ ഫേയ്സ് ബുക്ക് ഉപയോഗിക്കുന്നവരാണെങ്കിൽ 50 മില്യൺ കവിഞ്ഞിരിക്കുന്നു. ഫേയ്സ്ബുക്ക് പോലെ തന്നെ ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകൾ ഏകദേശം 200 ഓളം വരുമെന്നാണ് കണക്ക്.

**ഫേയ്സ്ബുക്ക് എന്ന ആസക്തി:** നിരന്തരം തങ്ങളുടെ സ്റ്റാറ്റസ് പുതുക്കുക. മറ്റുള്ളവരുടെ സ്റ്റാറ്റസുകൾ പരിശോധിക്കുക, ജീവിതത്തിൽ നേരിട്ടുകണ്ടിട്ടില്ലാത്ത അപരിചിതരുടെ പ്രൊഫൈലുകൾ പരിശോധിക്കുക, അവരുമായി നിരന്തരം ഇടപഴകുക തുടങ്ങിയവയൊക്കെ ഒരു തരം ആസക്തിയോടെയാണ് കുട്ടികൾ ചെയ്യുന്നത്. ഒരു ദിവസം ഇന്റർനെറ്റ് കണക്ഷൻ ലഭ്യമല്ലെങ്കിൽ ഇക്കൂട്ടർ വല്ലാത്ത പരിഭ്രാന്തി കാണിക്കുന്നത് കാണാറുണ്ട്.

**സ്വകാര്യതയിലേക്കുള്ള നുഴഞ്ഞുകയറ്റം:** ഇപ്പോൾ സ്വകാര്യത എന്നൊന്ന് ഇല്ലാതായിട്ടുണ്ട്. നമ്മൾ നമ്മളുടെ സ്റ്റാറ്റസ് അപ്ഡേറ്റ് ചെയ്യുന്നതിലൂടെ മറ്റുള്ളവർക്ക് നമ്മുടെ ജീവിതത്തിലേക്ക് നുഴഞ്ഞുകയറാൻ വഴി തുറന്നിട്ടു കൊടുക്കുകയാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്.

**ചങ്ങാതി നന്നല്ല, കണ്ണാടി വേണം:** ഫേയ്സ്ബുക്കിലെ എല്ലാ സുഹൃത്തുക്കളും സുഹൃത്തുക്കളാവണമെന്നില്ല. എത്രമാത്രം ഫ്രണ്ട്സിന്റെ എണ്ണം വർദ്ധിപ്പിച്ച് സ്വയം വലുതാകാം എന്നതാണ് പലരും ആലോചിക്കുന്നത്. ലിസ്റ്റുകളിൽ ശരിക്കും സുഹൃത്തുക്കൾ തന്നെയാണോ എന്ന് ആർക്കും അറിയില്ല. ഇനി അവർ അകന്ന സുഹൃത്തുക്കൾ ആണെങ്കിൽ പോലും അവർ നമ്മളെ നിരന്തരം നിരീക്ഷിക്കുന്നു എന്ന കാര്യം നമ്മൾ മറന്നുപോകരുത്. ഇതിന്റെ ഗൗരവം മനസിലാകണമെങ്കിൽ ഇങ്ങനെ നിരീക്ഷിക്കുന്ന സുഹൃത്തുക്കളൊക്കെ വിർചൽ ലോകത്തല്ല മറിച്ച് തൊട്ടടുത്ത് നിന്നാണെന്ന് ഒന്ന് സങ്കൽപ്പിച്ചു നോക്കുക.

**നാർസിസം അഥവാ ആത്മരതി:** കണ്ണാടിയുടെ മുൻപിൽ സുന്ദരൻ/സുന്ദരി എന്ന് സ്വയം സങ്കൽപ്പിച്ച് മണിക്കൂറുകളോളം നോക്കിയിരിക്കുന്നവരെ നമ്മൾ എന്തു വിളിക്കും. ഇതുതന്നെയാണ് സ്വന്തം അക്കൗണ്ടിലെ പ്രൊഫൈൽ ചിത്രം നോക്കിയിരിക്കുന്നവരും ചെയ്യുന്നത്. ഇത് ഒരുതരം ആത്മരതിയാണ്.

**ഒറ്റപ്പെട്ടവരുടെ അഭയം. പക്ഷെ... :** സത്യത്തിൽ എഫ്.ബിയിൽ അടിമപ്പെട്ടിരിക്കുന്നവരുടെ ജീവിതം ഒന്ന് പരിശോധിച്ചാൽ ഇവർ ഒറ്റപ്പെട്ടവരും, സ്വാർത്ഥരും സമൂഹത്തിൽ വലിയ പരിഗണനകിട്ടാത്തവരാണെന്നും ബോധ്യപ്പെടും.


**ചതിയൻ:** സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകൾ എന്തിനുപയോഗിക്കുന്നു എന്നത് വളരെ പ്രസക്തമാണ്. ഏറെ പുരോഗമനപരവും ക്രിയാത്മകവുമായ ചർച്ചകളുടെ സ്ഥലമായി പലരും ഇതിനെ ഉപയോഗിക്കുന്നുണ്ടെങ്കിലും ബഹുഭൂരിപക്ഷത്തിനും മറ്റുള്ളവരെ ചതിക്കാനുള്ള ഒരു ആയുധമായി ഇത് മാറുന്നുണ്ട്. തെറ്റിദ്ധാരണകൾ പരത്താനുള്ള ഒരു മാർഗമായി പലരും ഇതിനെ ഉപയോഗിക്കുന്നു. പല പഠനങ്ങളും നാലിലൊന്ന് വിവാഹമോചനങ്ങളുടെയും പിന്നിലുള്ള കാരണം ഫേസ്ബുക്കാണെന്ന് വിലയിരുത്തുന്നുണ്ട്.

**അശ്ലീല വീഡിയോകളും അപകടവും:** ഒരുപാട് സുഹൃത്തുക്കൾ തങ്ങളുടെ പേജിൽ അശ്ലീല വീഡിയോ പ്രത്യക്ഷപ്പെടുന്നതിൽ പരാതി പറയാറുണ്ട്. വിദേശ യുവതികളുടെയും യുവാക്കളുടെയും ഫോട്ടോ കാണുമ്പോൾ അവരെ സുഹൃത്താക്കണോ വേണ്ടയോ എന്ന് ഇനിയെങ്കിലും ഒരു നിമിഷം ആലോചിക്കുക. ഇതിൽ പലരും പോണാഗ്രാഫിക് വീഡിയോ ഷെയറിംഗ് ഗ്രൂപ്പുകളിൽപ്പെട്ടവരാണ്.

**ജയിലിൽ പോകുന്നോ?:** നിയന്ത്രണങ്ങളില്ലാതെ നടക്കുന്ന വ്യക്തിഹത്യയും തെറ്റിദ്ധാരണ പടർത്തലും വർഗ്ഗീയ തീവ്രവാദപ്രവർത്തനങ്ങൾക്കുള്ള സന്ദേശവും അശ്ലീല വീഡിയോകളുമൊക്കെ ജയിലിലേക്കുള്ള എളുപ്പവഴിയാണ്. കേരളത്തിൽ ITആക്ട് പ്രകാരവും IPC പ്രകാരവും രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

**രക്ഷിതാക്കൾ കുട്ടികളെ ശ്രദ്ധിക്കുക:** പല രക്ഷിതാക്കളും വിവര സാങ്കേതിക വിദ്യയുടെ കാര്യത്തിൽ നിരക്ഷരരായതുകൊണ്ട് അതിന്റെ അടിസ്ഥാനവശങ്ങൾ പഠിക്കേണ്ടത് അനിവാര്യമാണ്. അതല്ലെങ്കിൽ സ്വന്തം കുഞ്ഞുങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കുകയോ അമിതമായി ഇന്റർനെറ്റോ മൊബൈലോ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അവരോട് സ്നേഹത്തോടെ തന്നെ വിവരങ്ങൾ അന്വേഷിക്കുകയോ ചെയ്യണം. അവരെ കണ്ടില്ലെന്ന് നടിക്കാനും അവരുടെ വഴിക്ക് തന്നെ വിടാനുമാണെങ്കിൽ അരാജകത്വത്തിന്റെ വഴികളിലേക്കായിരിക്കും അവർ പിഴച്ചു പോവുക എന്ന് രക്ഷിതാക്കൾ ആദ്യം തന്നെ മനസിലാക്കുന്നത് നന്ന്. ടെക്നോളജിയെ എല്ലാ തലത്തിലുള്ള നന്മയ്ക്കായും പുരോഗതിക്കായും ഉപയോഗിക്കാൻ അവരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയുമാണ് വേണ്ടത്.

## തിന്മയോട് തോൽക്കാതെ




ആൻഡ്രൂസ് ഒരു കുട്ടിയായിരുന്നപ്പോൾ നടന്ന ഒരു സംഭവം അദ്ദേഹം ഒരിക്കലും മറന്നിരുന്നില്ല. അദ്ദേഹത്തിന്റെ അമ്മയ്ക്ക് അവകാശപ്പെട്ട സ്വത്തുമുഴുവൻ ഒരു കുടുംബസുഹൃത്തിന്റെ വഞ്ചനമൂലം നഷ്ടപ്പെട്ടു. അതറിഞ്ഞപ്പോൾ മാതാപിതാക്കൾ അന്നുരാത്രി എന്താണു ചെയ്തതെന്നറിയാമോ? അവർ തങ്ങളുടെ 12 കുട്ടികളെയും വിളിച്ച് അടുത്തിരുത്തി തങ്ങളെ വഞ്ചിച്ച സ്നേഹിതനുവേണ്ടി പ്രാർത്ഥിച്ചു! തങ്ങളെ ദ്രോഹിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ച ആ മാതാപിതാക്കൾ ആൻഡ്രൂസിന്റെ ഹൃദയത്തിൽ ക്ഷമയുടെയും വിട്ടുകൊടുക്കലിന്റെയും പാഠങ്ങൾ ആഴത്തിൽ എഴുതുകയായിരുന്നു! ഈ കുട്ടിയാണ് പിൽക്കാലത്ത് പ്രസിദ്ധനായ ദീനബന്ധു സി.എഫ്. ആൻഡ്രൂസ്.

'തിന്മയോടു തോല്ക്കാതെ നന്മയാൽ തിന്മയെ ജയിക്കുക'

## ജീവിതത്തിന്റെ പൊരുൾ



ഒരിക്കൽ ഒരു ഉയർന്ന ഉദ്യോഗസ്ഥനും നാസുറുദീൻ മൗലവിയും കൂടി തോണിയിൽ നദി കടക്കുകയായിരുന്നു. തന്റെ ജീവിതത്തിൽ ആദ്യമായിട്ടാണ് ഉദ്യോഗസ്ഥൻ തോണി യാത്ര ചെയ്യുന്നത്. നദിയുടെ നടുക്ക് എത്തിയപ്പോൾ തോണി വല്ലാതെ ആടിയുലയാൻ തുടങ്ങി. ഉദ്യോഗസ്ഥൻ പേടിച്ചു. അയാൾ വിഭ്രാന്തിയോടെ മൗലവിയുടെ കൈ കടന്നുപിടിച്ചുകൊണ്ട് ഇങ്ങനെ മുറവിളികൂട്ടി.

"നാസറുദീൻ, ഇപ്പോൾ വെള്ളത്തിൽ മുങ്ങിത്താണു ചത്തുപോകുമെന്ന് എനിക്കൊരു തോന്നൽ. എങ്ങനെയെങ്കിലും എന്റെ പേടിയൊന്നു മാറ്റിത്തരൂ."

"അതിനു പ്രയാസമില്ലല്ലോ"

മൗലവി ഉദ്യാഗസ്ഥനെ പൊക്കിയെടുത്ത് വെള്ളത്തിലിട്ടു. അയാൾ നാലഞ്ചു തവണ വെള്ളത്തിൽ മുങ്ങിപ്പൊങ്ങി. വെള്ളവും കുറേ അകത്തായി പിന്നീട്, മൗലവി അയാളെ പിടിച്ചു തോണിയിൽകയറ്റി.


"എങ്ങനെയുണ്ട്?" മൗലവി ചോദിച്ചു.

"ഹാവൂ, ഇപ്പോൾ സുഖം തോന്നുന്നു" ഉദ്യോഗസ്ഥൻ പറഞ്ഞു.

"അതു ശരിയാണ്. നടക്കാത്തവന് കുതിരസവാരിയുടെ സുഖം ബോദ്ധ്യമാവുകയില്ല. വെള്ളത്തിൽ വീഴാത്തവനു വഞ്ചിയാത്രയുടെ തഞ്ചം പിടികിട്ടുകയില്ല. എപ്പോഴും തിന്നും കുടിച്ചും കഴിയുന്ന ഉദ്യോഗസ്ഥനു പട്ടിണിയുടെ പൊരുളറിയാൻ കഴിയുകയില്ല."

എല്ലാം കേട്ട് ഉദ്യോഗസ്ഥന്റെ മുഖം ചുവന്നു. അയാൾ ഒന്നും പറഞ്ഞില്ല.

# മുറുകെ പിടിക്കേണ്ട യാഥാർത്ഥ്യങ്ങൾ



**കഴിഞ്ഞലക്കം തുടർച്ച 5**



ടി.എം. വർഗ്ഗീസ് ഓതറ

## യഹോവഭക്തി മുറുകെ പിടിക്കുക.

"നീ ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചു കൊണ്ടിരിക്കുന്നുവോ?" (ഇയ്യോ.2:9).

യഹോവ ഭക്തനായ ഇയ്യോബിന്റെ ജീവിതത്തിൽ തന്റെ പത്തു മക്കളും സകല മൃഗസമ്പത്തും നഷ്ടപ്പെട്ടശേഷം ഉള്ളംകാൽ മുതൽ നെറുകെവരെ വല്ലാത്ത പരുക്കളാൽ ബാധിതനായി ഒരു ഓട്ടിൻകഷണം കൊണ്ട് ദേഹം ചുരണ്ടിക്കൊണ്ടിരിക്കുമ്പോൾ തന്റെ ഭാര്യ തന്നോടു ചോദിക്കുന്ന ചോദ്യമാണ് മുകളിൽ ഉദ്ധരിച്ച വേദഭാഗം. ഇയ്യോബിന്റെ ഭക്തിയെക്കുറിച്ച് ദൈവം മാത്രമല്ല സാത്താനും നല്ല സാക്ഷ്യം പറഞ്ഞിരിക്കുന്നുവല്ലോ? ജീവിതത്തിൽ അതികഠിന ശോധന അഭിമുഖീകരിക്കുമ്പോൾ, എല്ലാം നഷ്ടപ്പെടുമ്പോൾ, എല്ലാവരാലും തള്ളപ്പെടുമ്പോൾ ഒരു ഭക്തന് എങ്ങിനെ ദൈവഭക്തി മുറുകെപ്പിടിച്ചു കൊണ്ടിരിപ്പാൻ കഴിയും? ഒരുവൻ യഹോവഭക്തനായിരിക്കുന്നത് തനിക്കു ലഭിച്ച ഭൗതിക നന്മകളും അനുഗ്രഹങ്ങളും കൊണ്ടല്ല, പിന്നെയോ, ദൈവവുമായുള്ള വ്യക്തിപരമായ ബന്ധമാണ് അവന്റെ ഭക്തിയുടെ രഹസ്യം. അതുകൊണ്ടാണ് ഇയ്യോബ് തന്റെ ഭാര്യയോടു പറഞ്ഞത്: നഗ്നനായി ഞാൻ എന്റെ അമ്മയുടെ ഗർഭത്തിൽനിന്നു വന്നു, നഗ്നനായിത്തന്നെ മടങ്ങിപ്പോകും, യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ (ഇയ്യോ. 1:21). ഇയ്യോബിന്റെ ഭക്തി പുറമേയുള്ള വേഷഭക്തി അല്ലായിരുന്നു (2 തിമോ.3:5). നമ്മുടെ ഭക്തിയുടെ നേരെ നാനാഭാഗത്തു നിന്നും ശക്തമായ കൊടുങ്കാറ്റ് അടിച്ചാലും അഗ്നിശോധനയിൽ കൂടെ കടന്നുപോകേണ്ടിവന്നാലും ഭക്തി ത്യജിക്കാതെ മുറുകെ പിടിക്കുക.

"നീ എല്ലായ്പ്പോഴും യഹോവഭക്തിയോടിരിക്ക" (സദൃ.23:17).

"യഹോവഭക്തി ആയുസ്സിനെ ദീർഘമാക്കുന്നു..." (സദൃ.10:27).

പിതാവായ ദൈവത്തിന്റെ മുമ്പാകെയുള്ള ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയെപ്പറ്റി പറഞ്ഞിരിക്കുന്നത്: അനാഥരെയും, വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതെ തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു എന്നാണ് (യാക്കോ.1:27).

"യഹോവഭക്തി ഇപ്പോഴത്തെ ജീവന്റെയും, വരുവാനിരിക്കുന്നതിന്റെയും വാഗ്ദത്തമുള്ളതാകയാൽ..." (1 തിമോ.4:8).

"യഹോവ ഭക്തനായ പുരുഷൻ ഇങ്ങനെ അനുഗ്രഹിക്കപ്പെട്ടവനാകും" (സങ്കീ.128:1,4).

## നിന്റെ കിരീടം ആരും എടുക്കാതിരിപ്പാൻ നിനക്കുള്ളത് പിടിച്ചുകൊൾക

"ഞാൻ വേഗം വരുന്നു; നിന്റെ കിരീടം ആരും എടുക്കാതിരിപ്പാന്തക്കവണ്ണം നിനക്കുള്ളത് പിടിച്ചുകൊൾക" (വെളി.3:11).

കർത്താവിനെ വിശ്വസ്തതയോടെ സേവിക്കുന്നവർക്കും, കർത്താവിനുവേണ്ടി ആത്മാക്കളെ നേടിയവർക്കും കർത്താവിന്റെ നാമംനിമിത്തം രക്തസാക്ഷികളായവർക്കും അനേകം പ്രതിഫലങ്ങൾ കർത്താവ് വാഗ്ദത്തം ചെയ്തിട്ടുണ്ട്. പ്രതിഫലങ്ങളോടൊപ്പം പല കിരീടങ്ങളും കർത്താവ് വാഗ്ദത്തം ചെയ്തിരിക്കുന്നത് കാണുവാൻ കഴിയും.

ജീവകിരീടം (യാക്കോ.1:12; വെളി.2:10).
തേജസ്സിന്റെ വാടാത്ത കിരീടം (1 കൊരി.9:25; 1 പത്രോ.5:4).
പ്രശംസാ കിരീടം (1 തെസ്സ.2:19).
നീതിയുടെ കിരീടം (2 തിമൊ.4:8)
പൊൻകിരീടം (വെളി.4:4) (24 മൂപ്പന്മാർക്കു മാത്രം ഉള്ളത്)

ദൈവജനത്തിനു ലഭിപ്പാൻ പോകുന്ന കിരീടത്തെപ്പറ്റി ചിന്തിക്കുന്നതിനായി പ്രസംഗവേദിയിൽ കേട്ട ഒരു സംഭവകഥ കുറിക്കുന്നു. യേശുവിനെ പിൻപറ്റിയ നാല്പതു വിശ്വാസികളെ അധികാരികൾ കൊല്ലുവാൻ വിധിച്ചു. ഈ നാല്പതുപേരെ ഐസ് നിറച്ച കുളത്തിൽ ഇട്ടശേഷം അവരുടെ ഭാര്യമാരെയും കുട്ടികളെയും കരയിൽ നിർത്തിയിരുന്നു. ആരെങ്കിലും യേശുവിനെ നിഷേധിക്കുന്നു എന്നു പറഞ്ഞാൽ അവർക്കു രക്ഷപെടാം. കുളത്തിൽ തണുത്തുവിറച്ചുകൊണ്ട് കിടക്കുന്ന ഓരോരുത്തരോട് യേശുവിനെ നിഷേധിക്കുന്നുവോ എന്ന് പട്ടാള ലീഡർ ചോദിക്കുമ്പോൾ ഇല്ല എന്നാണ് പറയുന്നതെങ്കിൽ വെടികൊണ്ട് ഉടനെ മരിക്കും. അങ്ങിനെ മുപ്പത്തിയൊൻപതു പേരും വെടിയേറ്റു മരിച്ചു. ഭാര്യയുടെ അലറി കരച്ചിൽ കണ്ടിട്ട് ഞാൻ യേശുവിനെ നിഷേധിക്കുന്നു എന്നുപറഞ്ഞ് നാല്പതാമത്തെ ആൾ കുളത്തിൽനിന്നും കയറി രക്ഷപെട്ടു. അപ്പോൾ വെടിവെച്ച പട്ടാളക്കാരൻ കണ്ടത് നാല്പതു തേജസ്സുള്ള കിരീടം മുകളിൽനിന്നും വന്ന് മരിച്ച 39 പേരുടെ തലയിൽ ഇരിക്കുന്നതും, ഒരു കിരീടം തിരികെ മുകളിലേക്കു പോകുന്നതുമാണ്. ഈ കാഴ്ച കണ്ടിട്ട് എല്ലാവരും കേൾക്കെ ഞാൻ യേശുവിനെ സ്വീകരിക്കുന്നു എന്നു പറഞ്ഞ് ആ പട്ടാളക്കാരൻ കുളത്തിലേക്കു ചാടി, വെടികൊണ്ട് മരിച്ചു. യേശുവിനെ തള്ളിപ്പറഞ്ഞ വ്യക്തി തന്റെ കിരീടം പിടിച്ചുകൊള്ളാതെ നഷ്ടപ്പെടുത്തി. നിന്റെ കിരീടം ആരും എടുക്കാതിരിപ്പാൻ നിനക്കുള്ളത് അന്ത്യംവരെ പിടിച്ചുകൊൾക.

(തുടരും)

# യുക്തിവാദവും യാഥാർത്ഥ്യങ്ങളും

**2014 ഒക്ടോബർ ലക്കം വേദാഭിമാനിയിൽ പ്രസിദ്ധീകരിച്ച കലാനാഥന്റെ യുക്തിവാദത്തിനുള്ള മറുപടി 4**

പ്രൊഫ.ടി.ജോൺ മാത്യു



ദ്രവ്യം യാഥാർത്ഥ്യമാണെന്ന് യുക്തിവാദികൾ സമ്മതിക്കുന്നു; ദ്രവ്യത്തിൽ നിന്ന് ഇതരമായ യാഥാർത്ഥ്യങ്ങൾ ഉണ്ടോ എന്ന് ചോദിച്ചാൽ "ഉണ്ട്" എന്ന് മറുപടി പറയാൻ അവർ മടിക്കും. ദ്രവ്യവും ദ്രവ്യത്തിൽ നിന്ന് ഉത്ഭവിക്കുന്നതെന്തൊക്കെയാണോ അവയും മാത്രമാണ് നാം അംഗീകരിക്കേണ്ട യാഥാർത്ഥ്യങ്ങൾ എന്നതാണ് അവരുടെ നിലപാട്. ദ്രവ്യത്തിൽ നിന്ന് ഇതരമായ അഥവാ ദ്രവ്യത്തിൽ നിന്ന് ഉത്ഭവിക്കാത്ത യാതൊരു യാഥാർത്ഥ്യവും ഇല്ല എന്ന് അവർ ചിന്തിക്കുന്നു. എന്നാൽ ദ്രവ്യത്തിൽ നിന്ന് ഇതരമായ യാഥാർത്ഥ്യങ്ങൾ ഉണ്ട് എന്ന കാര്യം നിഷേധിക്കാൻ യുക്തിപൂർവ്വം ചിന്തിക്കുന്നവർക്ക് സാധ്യമാണോ? Matter is something that occupies space (സ്ഥിതി ചെയ്യുന്നതിന് സ്ഥലം ഉപയോഗപ്പെടുത്തുന്നതെന്താണോ അതിന് ദ്രവ്യം എന്നു പറയുന്നു) എന്ന ശാസ്ത്രതത്വം തെറ്റാണെന്ന് ആരും ഇതുവരെയും തെളിയിച്ചിട്ടില്ല. ഈ തത്വത്തിന്റെ അർത്ഥം സ്ഥലം (സ്പെയ്സ്) എന്ന യാഥാർത്ഥ്യത്തെ ആശ്രയിച്ചാണ് ദ്രവ്യം എന്ന യാഥാർത്ഥ്യം നിലകൊള്ളുന്നത് എന്നാണ്. സ്പെയ്സ് ഇല്ലാതെ ദ്രവ്യത്തിന്റെ നിലനിൽപ്പ് അസാധ്യമായതിനാൽ വാസ്തവത്തിൽ ദ്രവ്യത്തെക്കാളും വലിയ യാഥാർത്ഥ്യമാണ് സ്പെയ്സ് എന്നാണ് നാം പറയേണ്ടത്. സമയം (Time) സ്പെയിസിനെപ്പോലെ തന്നെയുള്ള മറ്റൊരു ദ്രവ്യേതര യാഥാർത്ഥ്യമാണ്. ഈ സത്യങ്ങളെക്കുറിച്ചുള്ള അറിവ് നമ്മുടെ ഹൃദയത്തിലുള്ള (മനസ്സിലുള്ള) അടിസ്ഥാന ജ്ഞാനത്തിന്റെ ഭാഗമാണ്. ഇത് വിരൽചൂണ്ടുന്നത് ഒന്നിലധികം ദ്രവ്യേതര യാഥാർത്ഥ്യങ്ങൾ ഉണ്ടെന്ന സത്യത്തിലേക്കാണ്. യുക്തിവാദികൾ സ്പേയിസും സമയവും ദ്രവ്യേതര യാഥാർത്ഥ്യങ്ങളാണെന്ന് സമ്മതിച്ചേക്കാമെങ്കിലും ആത്മാവ് എന്നൊരു ദ്രവ്യേതര യാഥാർത്ഥ്യം ഉണ്ടെന്ന് സമ്മതിക്കുകയില്ല. അങ്ങനെയൊരു യാഥാർത്ഥ്യം ഉണ്ട് എന്നതിന് യാതൊരു തെളിവും ഇല്ല എന്നാണ് അവരുടെ നിലപാട്. അവരുടെ ഈ നിലപാട് യുക്തിക്ക് നിരക്കുന്നതാണോ എന്ന് നമുക്ക് പരിശോധിക്കാം.

"എന്റെ പുസ്തകം", "എന്റെ പേന", "എന്റെ ചെരിപ്പ്" എന്നൊക്കെ നാം പറയുമ്പോൾ 'ഞാൻ' ഉം 'പേന'യും ഒന്നുതന്നെയാണ് എന്ന് ആരും പറയുകയില്ല; 'ഞാൻ' എന്നതിന്റെ വകയായ വസ്തു ആണ് 'പേന' എന്നാണ് നാം അർത്ഥമാക്കുന്നത്. അപ്പോൾ "എന്റെ ശരീരം" എന്നു നാം പറയുമ്പോൾ 'ഞാൻ' എന്നതിന്റെ വകയായ 'ശരീരം' എന്നുതന്നെയല്ലേ നാം അർത്ഥമാക്കേണ്ടത്? അതായത് 'ഞാൻ' എന്നതും 'ശരീരം' എന്നതും രണ്ട് കാര്യങ്ങളാണ്, 'ശരീരം' ദ്രവ്യനിർമ്മിതമായിരിക്കുമ്പോൾ അതിൽ സ്ഥിതിചെയ്യുന്ന 'ഞാൻ' ദ്രവ്യനിർമ്മിതമല്ല എന്നാണ് ഈ പദപ്രയോഗം തെളിയിക്കുന്നത്. "എന്റെ പുസ്തകം" എന്നു പറയുമ്പോൾ "ഞാൻ"ഉം "പുസ്തകവും" രണ്ടും രണ്ടാണെങ്കിൽ, "എന്റെ ശരീരം" എന്നു പറയുമ്പോൾ "ഞാൻ" ഉം "ശരീരവും" ഒന്നല്ല, രണ്ടാണ്. പക്ഷേ "എന്റെ ശരീരം" എന്ന് ഒരാൾ പറയുമ്പോൾ "ഞാൻ" എന്ന വ്യക്തിയെ അയാളുടെ ശരീരത്തിൽനിന്ന് വ്യത്യസ്തമായ നിലയിൽ നാം കാണുന്നില്ല; 'ഞാൻ' ഉം 'ശരീര'വും എന്നിങ്ങനെ രണ്ടു കാര്യങ്ങൾ ഉള്ളതിൽ ഒന്നിനെ (ശരീരത്തെ) മാത്രമേ നമുക്ക് കണ്ണുകൊണ്ട് കാണാൻ സാധിക്കുന്നുള്ളു. "ഞാൻ" എന്നതിനെ നമുക്ക് കാണാൻ കഴിയാത്തതിന്റെ കാരണം എന്താണ്? അത് ദ്രവ്യ നിർമ്മിതമല്ല എന്നുള്ളതു തന്നെയല്ലേ ആ കാരണം? ചുരുക്കത്തിൽ മനുഷ്യവ്യക്തിത്വത്തിൽ ശരീരത്തിൽ നിന്ന് (ദ്രവ്യത്തിൽനിന്ന്) വ്യത്യസ്തമായ ആത്മാവ് ഉണ്ട് എന്ന നിഗമനത്തിൽ നമുക്ക് എത്തിച്ചേരേണ്ടതായിട്ടാണ് വരുന്നത്. മനുഷ്യന്റെ ആളത്വം വെറും ദ്രവ്യം (Matter) മാത്രമായിരുന്നെങ്കിൽ അവന് സ്നേഹം, വെറുപ്പ്, കോപം, ദയ, സഹതാപം, നീതിബോധം മുതലായ വികാരങ്ങൾ പ്രകടിപ്പിക്കുവാൻ ഒരിക്കലും കഴിയുമായിരുന്നില്ല. സൂപ്പർ കമ്പ്യൂട്ടർ പോലുള്ള, ദ്രവ്യനിർമ്മിതമായ അതിസങ്കീർണ്ണ യന്ത്രങ്ങൾക്കുപോലും ഈ വികാരങ്ങളിൽ ഒന്നുപോലും പ്രകടമാക്കാൻ കഴിവില്ല. ദ്രവ്യത്തിൽ നിന്ന് വ്യത്യസ്തമായ ഒരു ഘടകത്തിനു മാത്രമേ ഈ വികാരങ്ങൾ പ്രകടമാക്കാൻ കഴിയുകയുള്ളു. അതിനാൽ മനുഷ്യവ്യക്തിത്വത്തിൽ ദ്രവ്യത്തിൽ നിന്ന് വ്യത്യസ്തമായ ഒരു ഘടകം (ആത്മാവ്) ഉണ്ട് എന്ന് സംശയരഹിതമായി തെളിയുന്നു. പ്രപഞ്ചത്തിൽ ദ്രവ്യത്തിൽ നിന്ന് ഇതരമായ യാഥാർത്ഥ്യങ്ങൾ ഉണ്ട് എന്ന കാര്യം ഇപ്രകാരം സംശയരഹിതമായി തെളിഞ്ഞിരിക്കുകയാണ്. ഈ നിഗമനം തെറ്റാണ് എന്ന് ദ്രവ്യേതര യാഥാർത്ഥ്യങ്ങൾ ഇല്ല എന്ന് ചിന്തിക്കുന്ന 'യുക്തിവാദി' കൾക്ക് തെളിയിക്കാൻ പറ്റുമോ? പറ്റുമെങ്കിൽ മനുഷ്യവ്യക്തിത്വത്തിൽ 'ഞാൻ' എന്നൊരു ഘടകം ഇല്ലെന്നോ ഉണ്ടെങ്കിൽ അത് ദ്രവ്യം തന്നെയാണെന്നോ അവർ തെളിയിക്കട്ടെ; സ്പെയ്സും (സ്ഥലം) സമയവും വാസ്തവത്തിൽ ഇല്ലാത്ത കാര്യങ്ങളാണെന്നോ അല്ലെങ്കിൽ ദ്രവ്യത്തിനു സ്ഥിതി ചെയ്യുവാൻ സ്പെയ്സ് ആവശ്യമില്ലെന്നും ദ്രവ്യത്തിന് രൂപഭേദവും സ്ഥാനവ്യത്യാസവും വരുന്നതിന് സമയം (കാലം) ആവശ്യമില്ലെന്നും അവർ തെളിയിക്കട്ടെ. ഇത് തെളിയിക്കാൻ അവർക്ക് സാധ്യമല്ലെങ്കിൽ പ്രപഞ്ചത്തിൽ ദ്രവ്യത്തിൽ നിന്ന് ഇതരവും ദ്രവ്യത്തിൽനിന്ന് ഉത്ഭവിക്കാത്തതുമായ യാഥാർത്ഥ്യങ്ങൾ പലത് ഉണ്ട് എന്ന് അവർ സമ്മതിക്കേണ്ടിയിരിക്കുന്നു.

(തുടരും)

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598





# വേദപുസ്തകവും ആധുനികശാസ്ത്രവും

## വേദശാസ്ത്ര പഠനപരമ്പര 5

ചെറിയ ഇലക്ട്രോണിൽ പോലും സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ചിരിക്കുന്ന ദൈവത്തിന്റെ ജ്ഞാനം അപ്രമേയമാണ്. അണുവിന്റെ ഭാരം മുഴുവൻ കേന്ദ്രീകരിച്ചിരിക്കുന്നതു അതിന്റെ ന്യൂക്ലിയസിൽ ആണ്. പ്രോട്ടോണും, ന്യൂട്രോണും കൊണ്ടാണു ന്യൂക്ലിയസ് നിർമ്മിച്ചിരിക്കുന്നത്. പ്രോട്ടോണിൽ അതി വൈദ്യുതി ഉണ്ട്. ന്യൂട്രോണിൽ വൈദ്യുതി ഇല്ല. ഏറ്റവും ലഘുവായ ന്യൂക്ലിയസ് ഹൈഡ്രജൻ അണുവിന്റേതാണ്. അതു ഒരു പ്രോട്ടോൺ മാത്രമാണ്. കുറെക്കൂടെ സങ്കീർണ്ണമായ ഹീലിയം ന്യൂക്ലിയസിൽ 2 പ്രോട്ടോണും 2 ന്യൂട്രോണും ഉണ്ട്.

പ്രോട്ടോണിൽ ഒരേ ജാതി വൈദ്യുതിയുള്ളതുകൊണ്ട് അവ തമ്മിൽ വികർഷിക്കും (പരസ്പരം അകന്നു പോകും) രണ്ടു പ്രോട്ടോൺ തമ്മിലുള്ള അകലം പകുതിയായാൽ അവയ്ക്കു തമ്മിലുള്ള വികർഷണശക്തി നാലു മടങ്ങാകും. അകലം 1/3 ആയാൽ വികർഷണ ശക്തി 9 മടങ്ങാകും. ഇതിനെ വിപരീത വർഗ്ഗനിയമം എന്നു പറയുന്നു.ഹീലിയം ന്യൂക്ലിയസിന്റെ വ്യാസം (വണ്ണം) 2/10x 13 സെന്റീമീറ്ററാണ് (10x 13=1 നു പുറകേ 13 പൂജ്യം ഇട്ടാൽ കിട്ടുന്ന സംഖ്യ) അതുകൊണ്ട് ഹീലിയം ന്യൂക്ലിയസിനുള്ളിലുള്ള രണ്ടു പ്രോട്ടോൺ തമ്മിൽ ശക്തിയോടെ വികർഷിച്ച് വിപരീത വർഗ്ഗനിയമപ്രകാരം സെക്കന്റിൽ 8000 മൈൽ വേഗതയിൽ അകലേണ്ടതാണ്. അങ്ങനെയാണെങ്കിൽ ഹീലിയം ന്യൂക്ലിയസ് പൊട്ടിത്തെറിച്ച് ശിഥിലീഭവിക്കും. ഹൈഡ്രജൻ ഒഴിച്ചുള്ള 91 മൂലകങ്ങളുടെ ന്യൂക്ലിയസ്സുകളും ഇതേപ്രശ്നം അഭിമുഖീകരിക്കുന്നു. തമ്മിൽ വികർഷിക്കുന്ന പ്രോട്ടോണുകൾ സാധാരണ നിലയ്ക്കു സമ്മേളിച്ചു ന്യൂക്ലിയസുകൾ ഉണ്ടാവുകയില്ല. പരസ്പര വികർഷണത്തിനു വിരുദ്ധമായി ബലം പ്രയോഗിച്ചു പ്രോട്ടോണുകൾ കൂട്ടിച്ചേർത്തുവേണം ന്യൂക്ലിയസ്സുകൾ നിർമ്മിക്കുവാൻ. നിർമ്മിച്ചുകഴിഞ്ഞാൽ അവ കോടിയിൽ ഒന്നു സെക്കന്റുകൊണ്ടു പൊട്ടിത്തെറിച്ചു നശിച്ചുപോകും. ഈ നിലയിൽ ചിന്തിച്ചാൽ വസ്തുക്കളുടെ ഉല്പത്തിയും നിലനില്പും അത്ഭുതാവഹമാണ്. ന്യൂക്ലിയസ്സുകൾ എങ്ങനെ ഉണ്ടായി? എങ്ങനെ നിലനിൽക്കുന്നു? എന്ന ചോദ്യങ്ങൾക്കു തൃപ്തികരമായ ഉത്തരം ഇതുവരെ ലഭിച്ചിട്ടില്ല. ന്യൂക്ലിയസ്സിന്റെ ഘടകങ്ങളായ പ്രോട്ടോണുകൾ ന്യൂക്ലിയസ്സിനുള്ളിൽ അതിശക്തിയോടെ പരസ്പരം ആകർഷിക്കുന്നു എന്നും തന്മൂലം ന്യൂക്ലിയസ് നിലനിൽക്കുന്നുവെന്നും ശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നു. ന്യൂക്ലിയർ ഫോഴ്സ് അഥവാ ന്യൂക്ലിയസിലെ ഘടകപദാർത്ഥങ്ങൾ പരസ്പരം പ്രയോഗിക്കുന്ന ബലം ശാസ്ത്രജ്ഞന്റെ തലവേദനയാണ്. 2 പ്രോട്ടോൺ തമ്മിലുള്ള അകലം 2/10x 13 സെ.മീറ്ററിൽ അല്പം കുറഞ്ഞാൽ അവ ശക്തിയോടെ പരസ്പരം ആകർഷിച്ചു അടുക്കുന്നു. അല്പം കവിഞ്ഞാൽ അവ ശക്തിയോടെ പരസ്പരം വികർഷിച്ച് അകലുന്നു. ഭാരമുള്ള മൂലകങ്ങളുടെ ന്യൂക്ലിയസ്സുകളിൽ പ്രോട്ടോണുകൾ തമ്മിൽ ആകർഷണവും വികർഷണവും ഒരേസമയം അനുഭവപ്പെടുന്നു. ആകർഷണം വികർഷണത്തേക്കാൾ അധികമായതുകൊണ്ടു ന്യൂക്ലിയസ് സ്ഥായിയായി നിലനിൽക്കുന്നു. പ്രോട്ടോണുകൾ തമ്മിൽ വികർഷിക്കുവാൻ കാരണമെന്താണ്? പരസ്പരം വികർഷിക്കുന്നത് അവയുടെ സ്വഭാവമായതുകൊണ്ട്. വളരെ അടുത്തുവരുമ്പോൾ അവ ആകർഷിക്കുന്നതു എന്തുകൊണ്ട്? അതും അവയുടെ സ്വഭാവമാണോ? പരസ്പരവിരുദ്ധങ്ങളായ ഈ സ്വഭാവങ്ങൾ ഒരേ പ്രോട്ടോണിനു എങ്ങനെ വന്നുചേരുന്നു? ഇതിനൊന്നും മറുപടി കണ്ടെത്തുവാൻ ശാസ്ത്രത്തിന് ഇതുവരെ സാധിച്ചിട്ടില്ല.



ന്യൂക്ലിയസിന്റെ നിലനില്പു ഇങ്ങനെ ഒരുവിധത്തിൽ നമുക്കു മനസിലാകുന്നു എന്നു സമാധാനപ്പെടാം. എന്നാൽ എങ്ങനെയാണ് ന്യൂക്ലിയസ് ഉളവാകുന്നത്? പ്രോട്ടോണുകളെ പരസ്പര വികർഷണത്തിനു വിരുദ്ധമായി ബലം പ്രയോഗിച്ച് അടുപ്പിച്ച് ന്യൂക്ലിയസിനുള്ളിൽ ബന്ധിച്ചതു ആരാണ്? ഒരുതരി മണ്ണിൽ കോടാനുകോടി അണുക്കളുണ്ട്! ഓരോ അണുവിലും ഓരോ ന്യൂക്ലിയസും ഉണ്ട്. ഓരോ ന്യൂക്ലിയസും ഒരു അത്ഭുതമാണ്. അതിന്റെ ഉല്പത്തിയും നിലനില്പും!

അണുക്കൾ തമ്മിൽ ഏറ്റവും അടുത്തുകഴിയുന്നത് കട്ടിയായ പദാർത്ഥങ്ങളിൽ അഥവാ ഖരങ്ങളിലാണ്. ഉദാഹരണം ഇരുമ്പ്, ചെമ്പ്, തടി മുതലായവ. അധികവൈദ്യുതിയുള്ള ന്യൂക്ലിയസുകൾ തമ്മിൽ വികർഷിക്കുന്നതുകൊണ്ടു അവയ്ക്ക് ഒരു പരിധി വിട്ട് അടുക്കുവാൻ നിർവ്വാഹമില്ല. ഈ അകലം ന്യൂക്ലിയസിന്റെ വ്യാസത്തിന്റെ ലക്ഷം മടങ്ങാണ്. അതായത് ഒരു ഇരുമ്പു തുണ്ടിനുള്ളിൽ പോലും അവിടവിടയായി മാത്രം ഓരോ ന്യൂക്ലിയസു കാണും. അവയ്ക്കിടയിൽ എല്ലാം ശൂന്യസ്ഥലമാണ്. ന്യൂക്ലിയസുകൾക്കു തമ്മിൽ വികർഷണമില്ലെങ്കിൽ അവ തൊട്ടുരുമ്മി സ്ഥിതിചെയ്യും. അങ്ങിനെയാണെങ്കിൽ ഒരിഞ്ചുനീളം, ഒരിഞ്ചു വീതി, ഒരിഞ്ചു കനമുള്ള ഒരു ഇരുമ്പുകട്ടയുടെ ഭാരം 12800 കോടി ടൺ ആയിരിക്കും. അഖിലാണ്ഡത്തിലുള്ള നിരവധി ഗോളങ്ങളുടെ സ്ഥാനത്ത് ഇത്തരത്തിലുള്ള ഒരു വലിയ കട്ട മാത്രം ശേഷിക്കും. അതുകൊണ്ട് നാം കാണുന്ന നിലയിലുള്ള പ്രപഞ്ചത്തിന്റെ നിലനിൽപ്പിന് ന്യൂക്ലിയസു തമ്മിലുള്ള വികർഷണവും അത്യാവശ്യമാണ്. ന്യൂക്ലിയസ്സുകൾ തമ്മിൽ വികർഷിക്കുന്നത് പ്രോട്ടോണുകൾ തമ്മിൽ വികർഷിക്കുന്നതു കൊണ്ടാണ്.

പ്രോട്ടോണുകൾ തമ്മിൽ അകലെ വച്ചു വികർഷിക്കുകയും അടുത്തുവരുമ്പോൾ ആകർഷിക്കുകയും ചെയ്യുന്നതു എന്തുകൊണ്ട് എന്നു ഇപ്പോൾ വ്യക്തമാകുന്നു. വസ്തുക്കളുടെ നിലനിൽപ്പിനു വേണ്ടി ഈ വിപരീതസ്വഭാവങ്ങളോടുകൂടെ ദൈവം പ്രോട്ടോണിനെ സൃഷ്ടിച്ചിരിക്കുകയാണ്. പദാർത്ഥങ്ങളുടെ സ്വഭാവങ്ങളെല്ലാം യാദൃശ്ചികമായി അവയ്ക്കു വന്നു ഭവിച്ചതല്ല. പിന്നെയോ ദൈവം വളരെ ഉദ്ദേശപൂർവ്വം അവയ്ക്കു കല്പിച്ചു കൊടുത്തതാണ്.

വസ്തുക്കളുടെ നിർമ്മാണത്തിൽ ദൈവം വിനിയോഗിച്ചിരിക്കുന്ന ജ്ഞാനം അപ്രമേയമാണ്. ഈ ജ്ഞാനം ഗ്രഹിക്കുവാനുള്ള പരിശ്രമത്തിന്റെ ആദ്യപടിയിൽ മാത്രമേ ശാസ്ത്രം എത്തീട്ടുള്ളു. സൃഷ്ടിയിൽ ദൈവം ഉള്ളടക്കം ചെയ്തിരിക്കുന്ന ജ്ഞാനം ഒരു സമുദ്രമാണെങ്കിൽ, ശാസ്ത്രം മുഖേന നാം നേടിയിട്ടുള്ള അറിവ് 'ഒരു തുള്ളി' വെള്ളം എന്നപോലെ മാത്രമെയുള്ളു.

"അനന്തം അജ്ഞാതം അവർണ്ണനീയം
ഈ ലോകഗോളം തിരിയുന്ന മാർഗ്ഗം
അതിങ്കൽ എങ്ങാണ്ടോരിടത്തിരുന്നു
നോക്കുന്ന മർത്യൻ ഗതി എന്തു കണ്ടു?"

അണുക്കളെ കാണുവാൻ കഴിയുകയില്ലെന്നാണ് ശാസ്ത്ര നിഗമനം. അണുവിനെ ആരും കണ്ടിട്ടില്ലെങ്കിൽ അണു ഉണ്ടെന്നു അറിയുന്നത് എങ്ങനെയാണ്? അണു ഉണ്ടെന്ന് എങ്ങനെ വിശ്വസിക്കാം? എന്നീ ചോദ്യങ്ങൾ പലരും ഉന്നയിക്കാറുണ്ട്. ആത്മീയമായ കാര്യങ്ങളെക്കുറിച്ചു സംസാരിക്കുമ്പോൾ കാണുവാൻ കഴിയാത്തതൊന്നും വിശ്വസിക്കുകയില്ലെന്നു നിരീശ്വരന്മാർ വാദിക്കാറുണ്ട്. എന്നാൽ ശാസ്ത്രീയ രംഗത്തു ആ ശാഠ്യം തീരെയില്ല. കാണാത്തവയൊന്നും വിശ്വസിക്കുകയില്ലെന്നു ശഠിച്ചിരുന്നുവെങ്കിൽ ശാസ്ത്രം ഇന്നത്തെ നിലയിൽ വളരുകയില്ലായിരുന്നു. വായുവും വെളിച്ചവും വൈദ്യുതിയും മാത്രമല്ല, അണു, ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ, ന്യൂട്രിനോ, മീസാൺ മുതലായ നിരവധി വസ്തുക്കളും അദൃശ്യമാണ്.

അണു ഉണ്ടെന്നു വിശ്വസിക്കുവാൻ മതിയായ കാരണങ്ങളുണ്ട്. അതുകൊണ്ടു അണു ഉണ്ട് എന്നു ശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നു. ശാസ്ത്രജ്ഞന്മാർ പറയുന്നതുകേട്ട് പൊതുജനം അങ്ങനെ വിശ്വസിക്കുന്നു. വിശ്വസിക്കുക മാത്രമല്ല അണുവിൽ ദൈവം അടക്കിവച്ചിരിക്കുന്ന ശക്തിയുടെ മുമ്പിൽ അത്ഭുതംകൂറി നിൽക്കുവാനേ മനുഷ്യന് ഇന്നുവരെ സാധിച്ചിട്ടുള്ളു.

അതുപോലെ ദൈവം ഉണ്ടെന്നു വിശ്വസിക്കുവാൻ മതിയായ നിരവധി കാരണങ്ങളുണ്ട്. നമ്മുടെ പ്രാർത്ഥനകൾക്കു മറുപടി നൽകുകയും ബലഹീനതയിൽ നമ്മെ ബലപ്പെടുത്തുകയും നമ്മുടെ പാപങ്ങളെ ക്ഷമിച്ചു ദുർമനസ്സാക്ഷി നീക്കി ഹൃദയങ്ങളിൽ നിത്യസമാധാനവും സന്തോഷവും പകർന്നു തരികയും നമ്മുടെ കഷ്ടങ്ങളിൽ നമുക്ക് അടുത്ത തുണയായി കൂടെയിരുന്നു നമ്മെ ആശ്വസിപ്പിക്കുകയും നാം തെറ്റിപ്പോകുമ്പോൾ ബാലശിക്ഷ തന്ന് ശരിയായ പാതയിൽ നമ്മെ വഴിനടത്തുകയും ചെയ്യുന്ന ദൈവം എന്നത് കേവലം ഒരു വിശ്വാസമല്ല, അനുഭവങ്ങളിലൂടെ വെളിപ്പെട്ടുവരുന്ന ഒരു യാഥാർത്ഥ്യമാണ്.

യേശുക്രിസ്തുവിന്റെ സാക്ഷ്യവചനം മുഖേന സ്വർഗ്ഗവും നരകവും ഉണ്ടെന്നു നാം വിശ്വസിക്കുന്നു. ശാസ്ത്രജ്ഞന്മാരുടെ നിഗമനങ്ങൾ പലപ്പോഴും തെറ്റിപ്പോകുന്നു. എന്നാൽ ദൈവ വചനം ഒരിക്കലും തെറ്റിപ്പോയിട്ടില്ല. ആകാശവും ഭൂമിയും ഒഴിഞ്ഞുപോയാലും യേശുവിന്റെ വചനം മാറുകയില്ല. അതുകൊണ്ടു യേശുവിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചുപോകയില്ല.

ബൈബിളിലെ പ്രസ്താവനകൾ ശരിയാണെന്നു ശാസ്ത്രം തെളിയിക്കുന്നു. അതോടൊപ്പം യഥാർത്ഥ ശാസ്ത്രവും സത്യമാണെന്നു നാം സമ്മതിക്കേണ്ടിയിരിക്കുന്നു. വസ്തുക്കളുടെ ഘടനയിൽ ദൃശ്യമാകുന്ന സ്രഷ്ടാവിന്റെ ജ്ഞാനം ഗ്രഹിക്കുവാനുള്ള ജിജ്ഞാസയിൽ നിന്നാണ് ശാസ്ത്രം ഉടലെടുത്തത്. (തുടരും)

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# അനുഭവവേദ്യമാകുന്ന സ്നേഹം

അമേരിക്കൻ പ്രസിഡന്റായിരുന്ന ജറാൾഡ് ഫോർഡ് 1975 സെപ്റ്റംബർ 5-നു കാലിഫോർണിയായുടെ തലസ്ഥാനമായ സാക്രമെന്റേയിൽ ആയിരുന്ന അവസരം. രാവിലെ ഒരു പ്രസംഗപരിപാടി കഴിഞ്ഞു സെനറ്റർ ഹോട്ടലിൽ അദ്ദേഹം മടങ്ങിയെത്തി. അവിടെ നിന്നു രാവിലെ പത്തുമണിയോടെ എൽസ്ട്രീറ്റ് എന്ന തെരുവീഥി മുറിച്ചു കടന്നു കാപ്പിറ്റോൾ പാർക്കിലൂടെ നടന്നു സംസ്ഥാനത്തിന്റെ ആസ്ഥാന മന്ദിരമായ കാപ്പിറ്റോൾ ബിൽഡിംഗിലേക്ക് അദ്ദേഹം പോകുകയായിരുന്നു.

അപ്പോൾ പ്രസിഡന്റ് ഫോർഡിനെ കാത്തുനിന്നിരുന്ന ലിനെറ്റ് ഫ്രോം എന്ന യുവതി അദ്ദേഹത്തിന്റെ നേരേ തോക്കു ചൂണ്ടി. ആ നിമിഷം അടുത്തുണ്ടായിരുന്ന സീക്രട്ട് സർവീസ് ഏജന്റുമാരിലൊരാൾ ലിനെറ്റിനെ കസ്റ്റഡിയിലെടുത്തു. ഉണ്ടയില്ലാത്ത കൈത്തോക്കായിരുന്നു ലിനെറ്റ് അന്നു പ്രസിഡന്റ് ഫോർഡിനു നേരേ ചൂണ്ടിയിരുന്നതെങ്കിലും പ്രസിഡന്റിനെ വധിക്കാൻ ശ്രമിച്ചു എന്ന പേരിൽ ലിനെറ്റ് പിന്നീട് മുപ്പത്തിനാലു വർഷം ജയിൽവാസം അനുഭവിക്കുവാനിടയായി.

പ്രസിഡന്റ് ഫോർഡിനു നേരേ തോക്കു ചൂണ്ടിയ ലിനെറ്റ് ആരായിരുന്നു? എന്തായിരുന്നു അവളുടെ വധശ്രമത്തിനു പിന്നിൽ? കാലിഫോർണിയയിലെ സാന്റാമോനിക്കയിൽ ജനിച്ച ലിനെറ്റ് വെസ്റ്റ് ചെസ്റ്റൽ ലാരിയറ്റ്സ് എന്ന പേരിലുള്ള ഒരു ഡാൻസ് ഗ്രൂപ്പിലെ അംഗമായിരുന്നു. അമേരിക്കയിലും യൂറോപ്പിലുമൊക്കെ പര്യടനം നടത്തിയിട്ടുള്ള ഈ ഡാൻസ് ഗ്രൂപ്പ്, ദി ലോറൻസ് വെൽക്ക് ഷോ എന്ന ടെലിവിഷൻ പരിപാടിയിലും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.

പക്ഷെ, ഹൈസ്കൂളിൽ പഠിക്കുന്ന കാലത്തു മദ്യവും മയക്കുമരുന്നും ഉപയോഗിക്കുവാൻ തുടങ്ങിയ ലിനെറ്റ് വഴിതെറ്റിയുള്ള യാത്രയാണു പിന്നീട് നടത്തിയത്. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ ലിനെറ്റിനെ അവളുടെ പിതാവു നിർബന്ധിച്ചു കോളജിലയച്ചു. എന്നാൽ രണ്ടു മാസം കഴിഞ്ഞപ്പോൾ പഠനം അവസാനിപ്പിച്ചു അവൾ തെരുവിൽ അലയാൻ തുടങ്ങി.

ആ അവസരത്തിലാണു കുപ്രസിദ്ധ കുറ്റവാളിയായ ചാൾസ് മാൻസനുമായി അവൾ പരിചയപ്പെട്ടത്. ഷാരോൺ ടെയ്റ്റ് എന്ന ഹോളിവുഡ് നടിയുൾപ്പെടെ അഞ്ചുപേരെ ഷാരോണിന്റെ വീട്ടിൽ വച്ചു കൊലപ്പെടുത്തിയ മാൻസൻ പരോളിലിറങ്ങിയ അവസരമായിരുന്നു അത്. കൊലപാതകിയാണെങ്കിലും ബുദ്ധിശാലിയായ മാൻസനെ ലിനെറ്റിന് ഇഷ്ടപ്പെട്ടു. അവൾ അയാളുടെ ശിഷ്യയായി. ആ കാലഘട്ടത്തിൽ മാൻസനു വേറേയും അനുയായികളുണ്ടായിരുന്നു. മാൻസൻ ഫാമിലി എന്ന പേരിലായിരുന്നു അവർ അറിയപ്പെട്ടിരുന്നത്. സംഗീതജ്ഞനും കലാകാരനുമായിരുന്നു മാൻസൻ എങ്കിലും അക്രമത്തിലൂടെയും കൊലപാതകത്തിലൂടെയും സമൂഹത്തിൽ മാറ്റങ്ങൾ വരുത്തുവാനാണ് അയാൾ ശ്രമിച്ചത്.

മാൻസന്റെ പ്രിയശിഷ്യയായ ലിനെറ്റ് അയാളെ പ്രീതിപ്പെടുത്തുവാനാണു പ്രസിഡന്റ് ഫോർഡിനെ വധിക്കുവാൻ ശ്രമിച്ചതെന്നു കരുതപ്പെടുന്നു. അന്തരീക്ഷമലിനീകരണം വർധിക്കുവാൻ പ്രസിഡന്റ് ഫോർഡിന്റെ നയങ്ങൾ കാരണമാകുന്നുവെന്ന് ആക്ഷേപിച്ചുകൊണ്ടായിരുന്നു ലിനെറ്റ് പ്രസിഡന്റ് ഫോർഡിനെ വധിക്കുവാൻ ശ്രമിച്ചത്.

ലിനെറ്റ് എന്ന യുവതി പ്രസിഡന്റ് ഫോർഡിനെ വധിക്കുവാൻ ശ്രമിച്ചതു അക്കാലത്തു വലിയ വാർത്തയായിരുന്നു. ലിനെറ്റ് ശിക്ഷിക്കപ്പെട്ടു ജയിലിൽ അടയ്ക്കപ്പെട്ടതിനുശേഷവും അവളെക്കുറിച്ചു വാർത്തകൾ പ്രത്യക്ഷപ്പെട്ടിരുന്നു.

ഒരിക്കൽ ഒരു മാസികയുടെ റിപ്പോർട്ടിൽ അവളെ ഇന്റർവ്യൂ ചെയ്യുന്നതിനിടയിൽ ചോദിച്ചു "കുപ്രസിദ്ധ കൊലപാതകി മാൻസനു നിങ്ങളുടെ ജീവിതം സമർപ്പിക്കുവാൻ എന്താണു കാരണം?" അപ്പോൾ അവൾ പറഞ്ഞു: ആര് എന്നെ ആദ്യം സ്നേഹിക്കുന്നുവോ ആ വ്യക്തിക്കു എന്റെ ജീവിതം ഞാൻ സമർപ്പിക്കുമെന്ന് കൗമാരപ്രായത്തിൽ തന്നെ ഞാൻ തീരുമാനമെടുത്തിരുന്നു. അതുകൊണ്ടാണു മാൻസനു വേണ്ടി ഞാനെന്റെ ജീവിതം സമർപ്പിച്ചത്.


ലിനെറ്റ് ഫ്രോം

ലിനെറ്റിന്റെ വീക്ഷണത്തിൽ മാൻസൻ ആയിരുന്നു അവളെ ശരിക്കും സ്നേഹിച്ചത്. മറ്റുള്ളവരാരും തന്നെ സ്നേഹിച്ചതായി അവൾക്കു തോന്നിയിട്ടില്ലത്രേ. അതുകൊണ്ടാണത്രേ അറിയപ്പെടുന്ന ഒരു കൊലപാതകിയായിരുന്നിട്ടും ലിനെറ്റ് അയാളെ സ്നേഹിച്ചതും അയാൾക്കുവേണ്ടി സ്വന്തം ജീവിതം സമർപ്പിച്ചതും.

ഈ സംഭവം ചില ചോദ്യങ്ങൾ ചോദിക്കാൻ നമ്മെ നിർബന്ധിതരാക്കുന്നു. ലിനെറ്റിന്റെ മാതാപിതാക്കൾ അവളെ സ്നേഹിച്ചിട്ടില്ലേ? അവളുടെ ബന്ധുക്കളും അധ്യാപകരും സുഹൃത്തുക്കളുമെല്ലാം അവളെ സ്നേഹിച്ചിട്ടുണ്ടാവില്ലേ? തീർച്ചയായും അവർ സ്നേഹിച്ചിട്ടുണ്ടാകും. എന്നാൽ അവൾക്കു മനസിലാവുകയും ഹൃദയത്തെ സ്പർശിക്കുകയും ചെയ്യുന്നവിധത്തിലായിരിക്കില്ല അവർ അവളെ സ്നേഹിച്ചത്. ഒരുപക്ഷെ അവരിൽ പലരുടേയും സ്നേഹം ഹൃദയത്തിൽ മാത്രമായിരിക്കാനാണു സാധ്യത. അവരുടെ സ്നേഹം വാക്കിലൂടെയും പ്രവർത്തിയിലൂടെയുമൊന്നും അവർ പുറത്തുകാണിച്ചിട്ടുണ്ടാകില്ല. തൻമൂലം ലിനെറ്റിനു അവരുടെ സ്നേഹം അനുഭവപ്പെട്ടിട്ടുണ്ടാവില്ല.

എല്ലാ മനുഷ്യനും എപ്പോഴും ആഗ്രഹിക്കുന്നതാണു മറ്റുള്ളവരുടെ സ്നേഹവും സാമീപ്യവും സൗഹൃദവുമൊക്കെ. എന്നാൽ വാക്കിലൂടെയും പ്രവർത്തിയിലൂടെയുമൊക്കെ നമ്മുടെ സ്നേഹം പ്രകടിപ്പിക്കുന്നതിൽ നാം പലപ്പോഴും പരാജയപ്പെടുന്നു എന്നതല്ലേ വസ്തുത? പ്രത്യേകിച്ചും നമ്മുടെ സ്നേഹം വാക്കുകളിലൂടെ പ്രകടിപ്പിക്കുന്ന കാര്യത്തിൽ?

മാതാപിതാക്കൾക്കു തീർച്ചയായും അവരുടെ മക്കളോടു സ്നേഹം കാണും. എന്നാൽ മക്കൾ വളരുംതോറും അവരോടു സ്നേഹം പ്രകടിപ്പിക്കുന്നതിൽ മാതാപിതാക്കൾ പലപ്പോഴും വിമുഖത പ്രകടിപ്പിക്കാറില്ലേ. മാതാപിതാക്കളോടു സ്നേഹം കാണിക്കുന്ന കാര്യത്തിൽ മക്കളും വിമുഖത പ്രകടിപ്പിക്കാറില്ലേ. ഭാര്യാഭർത്താക്കന്മാരുടെ സ്നേഹത്തിന്റെ കാര്യത്തിനും ഈ പോരായ്മ നാം കാണാറില്ലേ?

പ്രാണവായുവും ഭക്ഷണവും പാനീയവുംപോലെ എല്ലാവർക്കും എപ്പോഴും സ്നേഹം ആവശ്യമാണ്. അതു വാക്കിലെന്നപോലെ പ്രവർത്തിയിലും, പ്രവർത്തിയിലെന്നപോലെ വാക്കിലും നാം പരസ്പരം കൊടുക്കുന്നുണ്ടെന്നു ഉറപ്പു വരുത്തണം. അല്ലെങ്കിൽ ലിനെറ്റിന്റെ ജീവിതത്തിൽ സംഭവിച്ചതിലും വലിയ ദുരന്തങ്ങൾക്കു നമ്മുടെ ജീവിതത്തിൽ നാം സാക്ഷിയാകേണ്ടി വരും.

നാം അന്യോന്യം സ്നേഹിച്ചാൽ മാത്രം മതിയാകില്ല. നമ്മുടെ സ്നേഹം പസ്പരം അനുഭവവേദ്യമാകുകയും വേണം. എങ്കിൽ മാത്രമേ നാം പരസ്പരം ശരിക്കും സ്നേഹിക്കുന്നുണ്ടെന്ന് നമുക്കു അവകാശപ്പെടാനാകൂ.



# പലമുഖങ്ങൾ പലഭാവങ്ങൾ

ഫാമിലി കൗൺസലിങ്ങിനു പോവുമ്പോൾ സ്ഥിരം കേൾക്കുന്ന ഒരു വാചകം ഉണ്ട്: ഇയാൾക്കെന്നെ ഒരിക്കലും മനസ്സിലാവില്ല.'

ഭർത്താവാണെങ്കിൽ പറയും: "എന്നെ തിരിച്ചറിയാൻ ഇവൾക്ക് ഈ ജന്മത്തിൽ പറ്റില്ല...."

ഇതെന്താ മനസ്സിലാക്കാൻ ഇത്ര വലിയ ബുദ്ധിമുട്ട്. ഒരേ ഭാഷയല്ലേ സംസാരിക്കുന്നത്, ഒരേ സംസ്കാരത്തിലല്ലേ ജീവിക്കുന്നത്. കടിച്ചാൽപൊട്ടാത്ത വാക്കുകൾ കുത്തിനിറച്ച അന്യഭാഷയിൽപെട്ട പുസ്തകമൊന്നും അല്ലല്ലോ ഭാര്യയും ഭർത്താവും.

ചിലപ്പോൾ ഞാൻ അവരോടു ചോദിക്കും ഭാര്യയ്ക്കും ഭർത്താവിനും എത്ര മുഖം ഉണ്ട്? 'ഇതെന്നാ ചോദ്യമാ?, ഒരേയൊരു മുഖം' എന്നാണുത്തരമെങ്കിൽ തെറ്റി. ഭാര്യയ്ക്കും ഭർത്താവിനും ഏറ്റവും ചുരുങ്ങിയത് അഞ്ചുമുഖമെങ്കിലും വേണം.'

നല്ല ഭർത്താവ് ഒരേ സമയം അപ്പന്റെയും ഭർത്താവിന്റെയും കാമുകന്റെയും ആങ്ങളയുടെയും മകന്റെയും സ്നേഹം ഭാര്യയ്ക്കു കൊടുക്കണം. തെറ്റുകൾ കാണുമ്പോൾ ശാസിക്കണം. കുറവുകൾ പറഞ്ഞുതിരുത്തണം. ഇങ്ങനെ പ്രവർത്തിക്കുമ്പോൾ അപ്പന്റെ സ്നേഹം ഭാര്യ അനുഭവിക്കുന്നു.

ജീവിതപങ്കാളിയുടെ ശാരീരിക, മാനസിക അവസ്ഥകൾ മനസ്സിലാക്കി വേണം ശാരീരിക ബന്ധം സ്ഥാപിക്കാൻ. പ്രായം ഭാര്യയിൽ വരുത്തുന്ന മാനസിക വ്യതിയാനങ്ങളും ശരീരത്തിൽ വരുത്തുന്ന മാറ്റങ്ങളും പരിഗണിക്കണം. ബഹുമാനസമീപനം ഭാര്യയോടു കാണിക്കുന്നവൻ ഭർത്താവിന്റെ സ്നേഹമാണ് നൽകുന്നത്.

ഭാര്യയ്ക്ക് തന്റെ ജീവിതത്തെ അഭിമാനപൂർവ്വം ഭർത്താവിനു സമർപ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള വശീകരണശക്തി ഭർത്താവിനുണ്ടാവണം. ഇവിടെ അവൻ കാമുകനായി മാറുന്നു. ഭാര്യയുടെ ഉയർച്ചയിലും വളർച്ചയിലും സന്തോഷിക്കുമ്പോൾ അവൻ ആങ്ങളുടെ റോളിലേക്കു വളരുന്നു. കൊഞ്ചലും വിളച്ചിലും ഒക്കെ നടത്തി ഭാര്യയോട് പെരുമാറുമ്പോൾ അവൻ മകനെപ്പോലെ ആയിത്തീരുന്നു.

ഭാര്യ ഒരേ സമയം അമ്മയും ഭാര്യയും കാമുകിയും പെങ്ങളും മകളുമാവണം. ഭർത്താവിന്റെ ആത്മീയകാര്യങ്ങളിലുള്ള ശ്രദ്ധയും തെറ്റുകളിൽ തിരുത്തലും വീഴ്ചകളിൽ താങ്ങുമായി നിൽക്കുമ്പോൾ അവൾ അമ്മയുടെ ഭാഗമാണു പ്രകടിപ്പിക്കുന്നത്.

ഭർത്താവിന്റെ ശാരീരികമായ കാര്യങ്ങളിൽ സഹകരണവും മടുപ്പില്ലാതെ സമർപ്പണവും നടത്തുമ്പോൾ അവൾ ഭാര്യയുടെ ഭാഗം നന്നായി ജീവിച്ചുതീർക്കുന്നു. വൃത്തിയായ വേഷം ധരിച്ചും ശരീരം ഭംഗിയായി സൂക്ഷിച്ചും ആവലാതിയില്ലാതെ സഹകരിച്ചും പോകുമ്പോൾ കാമുകിയായിത്തീരുന്നു.

ഭർത്താവിന്റെ എല്ലാ നേട്ടങ്ങളിലും പ്രശംസിക്കുകയും ഉയർച്ചകളിൽ അഭിമാനത്തോടെ സംസാരിക്കുകയും ചെയ്യുമ്പോൾ ഭാര്യ യഥാർഥ പെങ്ങളുടെ സ്നേഹമാണു പ്രകടിപ്പിക്കുക. അല്പസ്വല്പം കൊഞ്ചലുകൾ നടത്തി അവൾ മകളുടെ സ്ഥാനവും പൂർത്തീകരിക്കുന്നു.

ചില ഭർത്താക്കന്മാർ പിതാവായിക്കഴിയുമ്പോൾ ബാക്കിയെല്ലാം മറക്കും. എപ്പോഴും അപ്പന്റെ ഗൗരവത്തിൽ ജീവിക്കാൻ ശ്രമിക്കും. ഭർത്താവിന്റെയും കാമുകന്റെയും റോളുകൾ അവൻ മറക്കും. കുഞ്ഞിനെ പ്രസവിച്ചു കഴിഞ്ഞാൽ പിന്നെ അമ്മയുടെ മാത്രം റോളിലേക്ക് ഭാര്യ മടങ്ങിയേക്കാം. ഈ സാഹചര്യത്തിൽ ദാമ്പത്യബന്ധത്തിൽ തൃപ്തിക്കുറവുകൾ സംഭവിക്കും. പരസ്പരധാരണയുടെയും പങ്കുവയ്ക്കലിന്റെയും ജീവിതം ചുരുങ്ങിപ്പോകും.

എവിടെയാണോ പാകപ്പിഴയെന്നു കണ്ടെത്തി ദമ്പതികൾ തിരുത്തണം. പകർന്നു കൊടുക്കാൻ പരാജയപ്പെട്ട സ്നേഹത്തെക്കുറിച്ചു തിരിച്ചറിവുണ്ടാകണം. പിറകോട്ട് തിരിഞ്ഞുനോക്കി തിരുത്തുന്നവരാണു ജീവിതത്തിൽ വിജയിക്കുന്നത്. ദൈവം തന്ന ജീവിതം കൈമോശം വരുത്താതെ ഓരോരുത്തരും അവരവരുടെ റോളുകൾ ഭംഗിയായി നിർവഹിച്ചാൽ ജീവിതം ധന്യമായി.

ഒന്നു കേൾക്കൂ...

സ്നേഹം കൊണ്ടും വാത്സല്യം കൊണ്ടും ഭാര്യയെ വശീകരിക്കാൻ ഭർത്താവിനു കഴിയണം. ഭാര്യ കൊച്ചുകുഞ്ഞിനെപോലെ കൊഞ്ചുമ്പോൾ അൽപ്പ നേരത്തേക്ക് ഭർത്താവും കുട്ടിയെപ്പോലെയാവുക.

വഴക്കുണ്ടാവുക സ്വാഭാവികം. പക്ഷേ, കോപം ശമിച്ചുകഴിഞ്ഞു വേണം പങ്കാളിയോട് സംസാരിക്കാൻ.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക




# വേദാഭിമാനിയുടെ മറുപടി

തെളിവുകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ശാസ്ത്രസത്യമല്ല പരിണാമവാദം എന്നും മനുഷ്യമനസ്സിൽ ഉടലെടുത്ത സന്ദേഹങ്ങളുടെ അടിസ്ഥാനത്തിൽ തെളിവുകൾ തേടിപ്പോകുകയും പൂരിപ്പിക്കാൻ കഴിയാത്ത കടങ്കഥപോലെ അവസാനം ഊഹാപോഹങ്ങളും വിശ്വാസങ്ങളും കൊണ്ട് പടുത്തുയർത്തിയ അന്ധവിശ്വാസ സിദ്ധാന്തമാണെന്ന് അതിന്റെ പരിണാമ വികാസങ്ങൾ പരിശോധിച്ചാൽ മനസ്സിലാകുമെന്നും ഡാർവ്വിൻ അല്ല പരിണാമസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവെന്നും അദ്ദേഹം ഒരു ജൈവശാസ്ത്രജ്ഞനല്ലെന്നും താങ്കൾ പറഞ്ഞത് കടന്ന കയ്യായിപ്പോയി. കുറെ വായനക്കാരെ കയ്യിൽ കിട്ടിയെന്നുകരുതി എന്തും പറയാം എന്നു കരുതരുത്. മറ്റുള്ളവർക്ക് അറിയാൻ പാടില്ലാത്ത പരിണാമത്തെ സംബന്ധിച്ച എന്തറിവാണ് താങ്കൾക്ക് പറയാനുള്ളത് ?

പ്രദീപ് ചെറുതുരുത്തി, രായമംഗലം, കുറുപ്പുംപടി, പെരുമ്പാവൂർ

**ജൈ**വവൈവിധ്യത്തെ രണ്ട് രീതിയിൽ കാണാം. ഒന്നുകിൽ, ആദ്യം മുതൽക്ക് തന്നെ ഇപ്പോഴത്തെ ജീവജാതികളെല്ലാം ഇതേ രീതിയിൽ ഉണ്ടായിരുന്നു എന്ന് കരുതാം. അല്ലെങ്കിൽ, ചുരുക്കം ചില ജീവികളിൽ നിന്ന് പരിണമിച്ച് അവ ഇന്നത്തെ വൈവിധ്യത്തിൽ എത്തിച്ചേർന്നു എന്ന് വാദിക്കാം. ദൈവം ആദ്യമേ തന്നെ വിവിധ ജീവികളെ ഇന്നത്തെ രീതിയിൽ സൃഷ്ടിച്ചു എന്ന വാദത്തിനെതിരായ തെളിവുകളൊന്നും ഇതുവരെയും ലഭിച്ചിട്ടില്ല. രണ്ടാമത്തെ പ്രക്രിയയിലാകട്ടെ ജീവികൾ പരിണമിച്ച് രൂപംമാറുന്നു എന്നുള്ള സങ്കൽപമുണ്ട്. ഇതാകട്ടെ ഇതുവരെ തെളിയിക്കപ്പെട്ടിട്ടുമില്ല. പലരും കരുതുന്നതുപോലെ പരിണാമം എന്നത് ചാൾസ് ഡാർവിൻ കണ്ടുപിടിച്ച ആശയമൊന്നുമല്ല. പുരാതന ഗ്രീക്ക് പണ്ഡിതന്മാർ മുതൽ പലരും ജീവജാതികൾ പരിണാമത്തിലൂടെ രൂപം മാറുന്നു എന്ന ആശയം മുന്നോട്ടുവച്ചിരുന്നു. നവീന ശാസ്ത്ര യുഗത്തിൽ പോലും ഫ്രാൻസിസ്സ് ബേക്കണും വില്ല്യം ലൈബ്നിറ്റ്സും ബുഫോൺ പ്രഭുവും വിവിധ ജാതികളിൽപെട്ട ജീവികളുടെ സാമ്യം വിശദീകരിക്കുവാൻ പരിണാമം എന്ന പ്രക്രിയ സഹായിച്ചിരിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ അവരെല്ലാം പാരമ്പര്യം എന്ന സാമാന്യ പ്രതിഭാസത്തെ അങ്ങനെതന്നെ ആശ്രയിക്കുകയായിരുന്നു. അതിൽത്തന്നെ ഒരു കുഴപ്പം ഒളിഞ്ഞുകിടന്നു. നല്ല പൊക്കമുള്ള അച്ഛനമ്മമാരുടെ മക്കൾക്കും നല്ല പൊക്കമുണ്ടാകാം. പക്ഷേ, വ്യായാമം ചെയ്ത് നല്ല പോലെ മസിൽ വളർത്തിയ ഒരു ഫയൽമാന്റെ പുത്രന് ജന്മനാതന്നെ അതുപോലത്തെ മസിൽ ഉണ്ടാകുമോ? അതുപോലെ, സവിശേഷ ആവശ്യങ്ങൾക്കായി വളർത്തിയെടുത്ത ശരീരവിശേഷങ്ങൾ കുട്ടികളിലേക്ക് പാരമ്പര്യമായിത്തന്നെ കൈമാറും എന്നായിരുന്നു ചിലരുടെ വാദം. സ്വാഭാവികമായും ഇതിന് കനത്ത എതിർപ്പിനെ നേരിടേണ്ടിവന്നു.






രസകരമായ സംഗതി ചാൾസ് ഡാർവിന്റെ മുത്തച്ഛൻ ഇറാസ്മസ് ഡാർവിൻ (Erasmus Darwin, 1731-1802) ഒരു പരിണാമവാദി ആയിരുന്നു എന്നതാണ്. മാത്രമല്ല, ഈ വാദം ഉൾപ്പെടുന്ന അതിബൃഹത്തായ ഒരു ഗ്രന്ഥവും (Zoonomia) അദ്ദേഹം രചിച്ചിരുന്നു. ന്യൂട്ടന്റെ സമകാലികനായിരുന്ന ഇറാസ്മസ് തൊഴിലുകൊണ്ട് വൈദ്യനായിരുന്നു എങ്കിലും റോയൽ സൊസൈറ്റിയിൽ അംഗവും ശാസ്ത്രകുതുകിയും ആയിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ പരിണാമവാദവും, നേരത്തേ സൂചിപ്പിച്ചതുപോലെ, വളർത്തിയെടുത്ത സവിശേഷതകൾ കൈമാറപ്പെടും എന്ന തരത്തിലുള്ളതായിരുന്നു. ഏതാണ്ടതേ കാലത്ത് ജീവിച്ച ഫ്രഞ്ചുകാരനായ ലാമാർക് ആണ് ഈ സിദ്ധാന്തത്തെ ശക്തമായി പ്രചരിപ്പിച്ചത് (അതുകൊണ്ട് ലാമാർക്കിസം എന്ന പേരിലാണ് ഈ സിദ്ധാന്തം അറിയപ്പെടുന്നത്). ഫ്രാൻസിലെ ഒരു അപ്രമുഖ പ്രഭു കുടുംബത്തിൽ ജനിച്ച ലാ മാർക് (Jean-Baptiste Pierre Antoine de Monet de Lamarck, 1744-1829) വൈദികനാകാനാണ് പഠിച്ചതെങ്കിലും പട്ടാളക്കാരനും ശാസ്ത്രജ്ഞനും ആയിത്തീരുകയാണ് ഉണ്ടായത്. യുദ്ധാവശ്യങ്ങൾക്കായി നെതെർലാന്റ്സിൽ വ്യാപകമായി സഞ്ചരിച്ച അദ്ദേഹം അവിടത്തെ വിപുലമായ സസ്യസമ്പത്തിൽ ആകൃഷ്ടനാകുകയും സസ്യശാസ്ത്രം പഠിക്കുകയും ചെയ്തു. 1768–ൽ ഒരു പരിക്ക് പറ്റി പട്ടാളത്തിൽ നിന്ന് വിരമിച്ച ലാമാർക് പാരീസിലെ ഒരു ബാങ്കിൽ ജോലി നേടുകയും ചെയ്തു. പത്തുവർഷങ്ങൾക്ക് ശേഷം ഫ്രഞ്ച് സസ്യങ്ങളെപ്പറ്റി ഒരു ഗ്രന്ഥം രചിച്ച് (Flore francaise) സസ്യശാസ്ത്രജ്ഞൻ എന്ന പേരും അദ്ദേഹം സമ്പാദിച്ചു. ഫ്രഞ്ച് വിപ്ലവം വന്നപ്പോഴും ലാമാർക്കിന് അനുയോജ്യമായ അംഗീകാരവും ബഹുമതിയും ലഭിച്ചു. ഫ്രാൻസിന്റെ പ്രകൃതി ശാസ്ത്ര മ്യൂസിയത്തിലെ ജന്തുവിഭാഗം സംഘടിപ്പിക്കാനുള്ള ചുമതല അദ്ദേഹത്തിന് നൽകപ്പെട്ടു. ഷഡ്പദങ്ങളും പുഴുക്കളും അടങ്ങിയ ഈ വിഭാഗത്തിന് നട്ടെല്ലില്ലാത്ത ജീവികൾ (Inverti brates) എന്ന പേര് നൽകിയതും ലാ മാർക്ക് ആണ്. അതിദീർഘമായ കാലയളവിൽ ലഘുവായ ജീവികൾ വളർത്തിയെടുത്ത ശാരീരിക സവിശേഷതകൾ പാരമ്പര്യത്തിലൂടെ കൈമാറിക്കൊണ്ട് കൂടുതൽ സങ്കീർണമായവയായി പരിണമിക്കുമെന്ന് അദ്ദേഹം സിദ്ധാന്തിച്ചു. ഈ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഏഴ് വാല്യങ്ങളുള്ള ഒരു മഹാഗ്രന്ഥവും അദ്ദേഹം രചിച്ചു. എങ്കിലും അതിനാവശ്യമായ തെളിവുകൾ ചൂണ്ടിക്കാണിക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. പരിണാമം എന്ന തത്വം മുന്നോട്ട് വയ്ക്കുമ്പോഴും വളർത്തിയെടുത്ത ജൈവസവിശേഷതകൾ അടുത്ത തലമുറയിലേക്ക് കൈമാറുമെന്ന സിദ്ധാന്തമായിരുന്നു അതിന്റെ മുഖമുദ്ര. ജൈവപരിണാമത്തിൽ മനുഷ്യരെക്കൂടി ഉൾപ്പെടുത്തിയ ലാമാർക്കിനെ സംലിയെൽ, കുവിയർ തുടങ്ങിയ പ്രമുഖ ജൈവശാസ്ത്രജ്ഞരെല്ലാം തള്ളിക്കളഞ്ഞു. എന്നാൽ ഈ വാദത്തെ പിന്തുണച്ച ജെഫ്രി സാങ്ങ് ഹില്ലേയർ (Geoffroy Saint Hilaire, 1772-1844) ജൈവ സവിശേഷതാ കൈമാറ്റതത്വത്തെ കുറച്ചുകൂടി മുന്നോട്ട് കൊണ്ടുപോയി, 'അനുയോജ്യരുടെ അതിജീവനം' എന്ന സുപ്രധാന തത്വത്തിന്റെ വക്കത്തുവരെ എത്തിച്ചേർന്നു. ലാമാർക്കിന്റെ പ്രബന്ധങ്ങൾ ഇംഗ്ലീഷിലേക്കും ഭാഷാന്തരപ്പെടുത്തിയിരുന്നു എങ്കിലും പരിണാമവാദത്തിന് അവിടെയും കാര്യമായ പിന്തുണ ലഭിച്ചില്ല. ഏതായാലും 1820 ആയപ്പോഴേക്കും പരിണാവാദത്തിന്റെ പുതുമയും പുരോഗതിയും ക്ഷതപ്പെട്ട് പുതിയൊരു ഇടപെടലിനുള്ള സമയം സമാഗതമായിരുന്നു. പക്ഷേ അതിനുള്ള വ്യക്തി ചാൾസ് ഡാർവിൻ ആയതിൽ പല യാദൃശ്ചികതകളും ഉണ്ടായിരുന്നു.

ചാൾസ് ഡാർവിന്റെ (Charles Robert Darwin, 1809-1882) പിതാമഹൻ പരിണാമവാദി ആയിരുന്നെങ്കിലും പരമ്പരയായി ഭിഷഗ്വരന്മാരുടെ ഒരു കുടുംബമായിരുന്നു അവരുടേത്. പിതാമഹൻ മാത്രമല്ല പിതാവും ജ്യേഷ്ഠ സഹോദരനും ഡോക്ടർമാർ ആയിരുന്നു. ചാൾസിനെയും വൈദ്യശാസ്ത്രം പഠിക്കാൻ വിടണമെന്നായിരുന്നു പിതാവിന്റെ താല്പര്യം. ചാൾസിനാണെങ്കിൽ പ്രകൃതിപഠനത്തിലായിരുന്നു കൗതുകം. എങ്കിലും പിതാവിന്റെ താൽപര്യത്തിന് വഴങ്ങി വൈദ്യശാസ്ത്രപഠനത്തിന്റെ ചാലിലൂടെ തന്നെയാണ് ചാൾസും നീങ്ങിയത്. പക്ഷേ, ഓപ്പറേഷൻ കാണുമ്പോൾ തല കറങ്ങുകയും രക്തം കാണുമ്പോൾ മനംമറിയുകയും ചെയ്യുന്ന ചാൾസിന് വൈദ്യശാസ്ത്ര പഠനം മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞില്ല. അതിന് പകരം ഭൗമശാസ്ത്രവും പ്രകൃതി പഠനവുമാണ് അദ്ദേഹം നടത്തിയത്. അങ്ങനെ ഭൗമശാസ്ത്ര വിദഗ്ദ്ധനായ റോബർട്ട് ഗ്രാന്റിന്റെ സ്വാധീനത്തിൽ അദ്ദേഹം പെട്ടു. ഗ്രാന്റ് ആകട്ടെ ലാമാർക്കിന്റെയും സാങ്ങ് ഹിലെയറിന്റെയും സിദ്ധാന്തങ്ങളിൽ ആകൃഷ്ടനുമായിരുന്നു. ഒരുപക്ഷെ ഈ അനുഭവമാകാം സർവകലാശാലാ വിദ്യാഭ്യാസത്തിൽ ചാൾസിനെ ഏറ്റവും സ്വാധീനിച്ചത്. പക്ഷേ ഇതുകൊണ്ടൊന്നും ചാൾസിന് എഡിൻബറോ സർവകലാശാലയിൽ നിന്ന് ഒരു ബിരുദം നേടാൻ കഴിഞ്ഞില്ല. ഒടുവിൽ, പിതാവിനോട് വിവരങ്ങളെല്ലാം തുറന്നു പറഞ്ഞ് അദ്ദേഹം എഡിൻബറോയോട് വിടചൊല്ലി. പിന്നീട് കേംബ്രിജിൽ നിന്നൊരു വൈദികബിരുദമെടുത്താണ് അദ്ദേഹം തന്റെ ഔദ്യോഗികവിദ്യാഭ്യാസം അവസാനിപ്പിച്ചത്.

അങ്ങനെ ഒരു സാധാരണ ഗ്രാമീണ വൈദികനാകാനൊരുങ്ങിയ ചാൾസ് ഡാർവിനെയാണ് ബീഗിൾ യാത്രയ്ക്കുള്ള ക്ഷണം തേടിയെത്തിയത്. അതിന്റെ പിന്നിലും ഒരുപാട് യാദൃശ്ചികതകൾ ഉണ്ടായിരുന്നു. ഇംഗ്ലീഷ് നേവിയുടെ സർവേ കപ്പലായ എച്ച്.എം.എസ്.ബീഗിളിന്റെ ക്യാപ്റ്റൻ റോബർട്ട് ഫിറ്റ്സ്രോയിക്ക് (Robert FitzRoy) ചാൾസിനെ 'പിടിച്ചു' എന്നതായിരുന്നു പ്രധാന കാരണം. ഏതായാലും യാത്ര തുടങ്ങുമ്പോൾ ഡാർവിൻ ഒരു ജൈവ ശാസ്ത്രജ്ഞനേ ആയിരുന്നില്ല എന്നതാണ് സത്യം. അഞ്ചു വർഷത്തിന് ശേഷമാണ് ബീഗിൾ ഇംഗ്ലണ്ടിൽ മടങ്ങിയെത്തിയത്. കപ്പലും നാവികരും സമുദ്രസർവ്വേ നടത്തുമ്പോഴും ഒഴിവുസമയത്ത് ഡാർവിൻ കരയിലും കടലിലുമുള്ള ജീവികളെയും ഭൗമരൂപങ്ങളെയും പഠിക്കാൻ സമയം കണ്ടു. അതിന് ഉതകുന്ന ഗ്രന്ഥങ്ങളും അദ്ദേഹം കൊണ്ടുപോയിരുന്നു. ലിയെലിന്റെ ഭൗമശാസ്ത്ര പാഠപുസ്തകം (Principles of Geology) ആയിരുന്നു അവയിൽ പ്രമുഖം. (ജൈവ പരിണാമത്തെപ്പറ്റിയുള്ള തന്റെ കാഴ്ചപ്പാട് രൂപീകരിക്കുന്നതിൽ ലിയെലിന്റെ പുസ്തകം വഹിച്ച പങ്കിനെക്കുറിച്ച് ഡാർവിൻ എക്കാലവും എടുത്തുപറഞ്ഞിട്ടുണ്ട്.) യാത്രയിലുടനീളം അദ്ദേഹം ജീവികളെയും ഭൗമരൂപങ്ങളെയും നിരീക്ഷിക്കുകയും ഫോസിലുകളും പ്രദർശന വസ്തുക്കളും ശേഖരിക്കുകയും അവയെക്കുറിച്ചുള്ള പഠനലേഖനങ്ങൾ ഇംഗ്ലണ്ടിലെ ശാസ്ത്ര മാസികകൾക്ക് അയച്ചുകൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു. അപൂർവമായൊരു പ്രദർശനശേഖരവും അദ്ദേഹം കൊണ്ടുവന്നു. തന്മൂലം പഠനയാത്ര കഴിഞ്ഞ് തിരിച്ചെത്തിയപ്പോഴേക്കും ഡാർവിൻ അംഗീകൃത ശാസ്ത്രപഠനം കൂടാതെ ഭൗമശാസ്ത്രജ്ഞൻ എന്ന പേരെടുത്തു.

ജനസംഖ്യാ വിസ്ഫോടനത്തെക്കുറിച്ച് പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞൻ മാൽതുസ് (Thomas Malthus, 1766-1834) നടത്തിയ പ്രവചനമാണ് പരിണാമവാദത്തിന്റെ കാതലായ ആശയത്തിൽ എത്തുന്നതിന് തന്നെ സഹായിച്ചത് എന്ന് ഡാർവിൻ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പരിണാമം സംബന്ധിച്ചുള്ള തന്റെ കണക്കുകൂട്ടൽ ശരിയാകണമെങ്കിൽ ഭൂമിക്ക് അനേകലക്ഷം വർഷങ്ങളുടെ ചരിത്രം വേണ്ടിവരുമെന്നുള്ളത് ഡാർവിന് അറിയാമായിരുന്നു. മാത്രവുമല്ല, തന്റെ വാദങ്ങൾ വലിച്ചുനീട്ടിയാൽ അത് മനുഷ്യരുടെ ആവിർഭാവത്തെയും ബാധിക്കും എന്നും അദ്ദേഹം മനസ്സിലാക്കി. അത്തരമൊരു സിദ്ധാന്തം ആകർഷിച്ചേക്കാവുന്ന എതിർപ്പും ശത്രുതയും അദ്ദേഹത്തെ ഭയചകിതനാക്കി. തന്നെയുമല്ല, കടുത്ത വിശ്വാസിയും ഭക്തയുമായ തന്റെ ഭാര്യയെ കാര്യങ്ങൾ എങ്ങനെ ബോധ്യപ്പെടുത്തും എന്നതിന് അദ്ദേഹത്തിന് യാതൊരു വ്യക്തതയും ഇല്ലായിരുന്നു.

(തുടരും)

This is The Word of God

Visit us:
www.vedabhimani.com

# VEDABHIMANI

Annual Subscription Rs. 150/-
RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2015-17

Published on 1st April 2015
Posted on 15, 16 April 2015
Posted at R.M.S. Kayamkulam




മനുഷ്യൻ തന്റെ ബുദ്ധിയുടെ കഴിവിലും, വിജ്ഞാനത്തിന്റെ പരപ്പിലും, കണ്ടുപിടിത്തങ്ങളുടെ ആഴങ്ങളിലും അടിത്തറയിട്ട്, ദൈവത്തിന്റെ ജ്ഞാനത്തെയും വെളിപ്പെടുത്തപ്പെട്ട ദൈവികസത്യങ്ങളെയും, ദൈവത്തിന്റെ ഇടപെടലുകളെയും മറികടന്നുകൊണ്ട് 'ബാബേൽ ഗോപുരം' പണിയാൻ ശ്രമിക്കുന്നു. "നമുക്ക് ഒരുപട്ടണവും ആകാശം മുട്ടുന്ന ഒരു ഗോപുരവും തീർത്ത് പ്രശസ്തി നിലനിർത്താം" (ഉൽ.11:4). നമ്മുടെ പൂർവ്വികർ, ഭൗതികമായ ബാബേൽ ഗോപുരം പണിയാൻ ശ്രമിച്ചെങ്കിൽ ഇന്നു നാം ബൗദ്ധിക ബാബേൽ ഗോപുരങ്ങൾ പണിയാൻ ശ്രമിക്കുന്നു. ബൗദ്ധിക അതിപ്രസരങ്ങൾ, വിശ്വാസസത്യങ്ങളെ ഞെരുക്കിക്കൊണ്ട് ദൈവത്തിന്റെ വെളിപ്പെടുത്തലുകളെയും, ദൈവത്തിന്റെ ഇടപെടലുകളെയും തിരസ്ക്കരിക്കുന്നു. മനുഷ്യൻ ദൈവവുമായി മത്സരിക്കാൻ ശ്രമിക്കുന്നു.



ഇന്നു മനുഷ്യൻ നേരിടുന്ന തകർച്ചകളുടെ പ്രധാന കാരണം അവൻ ദൈവത്തെ മറന്നു പ്രവർത്തിക്കുകയും, ദൈവം തന്നിരിക്കുന്ന നിയമങ്ങളെ തള്ളിക്കളയുകയും ചെയ്യുന്നതു മൂലമാണ്. പ്രകൃതിക്ഷോഭങ്ങളാലും, അക്രമങ്ങളാലും, കൊലപാതകങ്ങളാലും, സാമ്പത്തിക ബുദ്ധിമുട്ടുകളാലും, കാർഷികമേഖലകളിലെ തകർച്ചകളാലും, പക്ഷിമൃഗാദികളിലും മനുഷ്യരിലും ഉള്ള രോഗങ്ങളാലും, പലവിധ ദുരിതങ്ങളാലും ജനം ഇന്ന് കഷ്ടപ്പെടുകയാണ്. ഇപ്പോൾ ഉള്ളതും, നാം മുന്നോട്ട് പ്രതീക്ഷിക്കുന്നതുമായ തകർച്ചകളിൽ നിന്ന് കരകയറുന്നതിനു വേണ്ടി നാം ദൈവത്തെ ആശ്രയിക്കേണ്ടസമയം അതിക്രമിച്ചിരിക്കുന്നു.

ഇപ്പോഴത്തെ ദുരിതങ്ങളിൽ നിന്ന് രക്ഷപെടാൻ, തെറ്റുകൾ തിരുത്തി ജീവിതം വിശുദ്ധീകരിച്ച്, ദൈവകരുണയിലാശ്രയിച്ച് പ്രാർത്ഥിക്കാൻ ദൈവവചനം ആവശ്യപ്പെടുന്നു. മനുഷ്യന്റെ തിന്മകൾക്ക് സ്വാഭാവിക നിയമമനുസരിച്ചു സഹനം ഉണ്ടാവുന്നു. ഈ സഹനങ്ങൾ ഒന്നും ദൈവത്തിന്റെ ശിക്ഷയല്ല. മനുഷ്യന്റെ സങ്കടത്തിൽ ദൈവം സന്തോഷിക്കുന്നുമില്ല. പക്ഷെ പാപാവസ്ഥയിൽ കഴിയുന്ന മനുഷ്യനിലേക്കു ദൈവത്തിനു കടന്നുവരാനോ, പ്രവർത്തിക്കാനോ സാധിക്കുകയില്ല എന്നതാണ് സത്യം. അതുകൊണ്ട് മനുഷ്യന്റെ പാപം മോചിക്കപ്പെടുകയും, അവൻ വിശുദ്ധീകരിക്കപ്പെടുകയും ചെയ്യേണ്ടിയിരിക്കുന്നു. അതിനായി അവൻ ദൈവത്തിലേക്ക് തിരിയുകയും തെറ്റുകൾ തിരുത്തുകയും ചെയ്യണം. സ്നേഹം തന്നെയായ ദൈവത്തെ, മനുഷ്യൻ തള്ളിക്കളയാത്തിടത്തോളം കാലം, ദൈവം മനുഷ്യനോടൊപ്പം എന്നും ഉണ്ടാകും. ഒരു കാര്യം മാത്രം ദൈവം മനുഷ്യനിൽ നിന്ന് ആവശ്യപ്പെടുന്നു, മനുഷ്യൻ തെറ്റുകൾ തിരുത്തണം, ദൈവത്തിന്റെ കരുണയിൽ ശരണപ്പെടണം. മനുഷ്യൻ ദൈവത്തിലേക്കു തിരിയുമ്പോൾ ദേശത്തെയും ജനത്തെയും ദൈവം അനുഗ്രഹിക്കും.

സകല അകൃത്യങ്ങളേയും മോചിക്കുന്ന കോടതിയും സകല രോഗങ്ങളേയും സൗഖ്യമാക്കുന്ന ആശുപത്രിയുമാണു കർത്താവായ യേശുക്രിസ്തു. മുറിവേറ്റ സമൂഹത്തിന്റെ മുറിവുണക്കുന്ന നല്ല വൈദ്യനാണ് യേശു.




സൗരോർജ്ജം ശേഖരിച്ചുവെക്കുന്ന ഉപകരണങ്ങളുടെ സംഭരണശേഷി വർധിപ്പിക്കാൻ ശാസ്ത്രജ്ഞർ അതീവതല്പരരാണ്. ജൈവ ഇന്ധനങ്ങളായ പെട്രോൾ, ഡീസൽ, കൽക്കരി തുടങ്ങിയവയിലുള്ള മനുഷ്യവർഗത്തിന്റെ ആശ്രയം കുറയ്ക്കുക എന്നതാണ് അവരുടെ ലക്ഷ്യം. "ഈ പ്രശ്നത്തിനുള്ള പ്രതിവിധി ഇപ്പോൾ ഒരു പക്ഷേ... നമ്മുടെ കൺമുന്നിൽ പാറിപ്പറക്കുന്നുണ്ടാകാം" എന്ന് ഒരു ശാസ്ത്രജ്ഞൻ പറയുകയുണ്ടായി.

സവിശേഷത: തണുപ്പുകാലങ്ങളിൽ ചൂട് നിലനിർത്താനായി ചിത്രശലഭങ്ങൾ ചിറകു വിടർത്തി വെയിൽകായാറുണ്ട്. സ്വാളൊടൈൽ വർഗത്തിലെ ചിലയിനം ചിത്രശലഭങ്ങളുടെ ചിറകുകൾക്ക് സൂര്യപ്രകാശം ആഗിരണം ചെയ്യാനുള്ള പ്രാപ്തിയുണ്ട്. ഈ പ്രാപ്തി ഒളിഞ്ഞിരിക്കുന്നത് അതിന്റെ കടുത്ത നിറത്തിൽ മാത്രമല്ല,മറിച്ച് ചിറകുകളെ ആവരണം ചെയ്തിരിക്കുന്ന സൂക്ഷ്മമായ ശല്ക്കങ്ങളുടെ ഘടനയിലും കൂടിയാണ്. അവ ഒന്നിനുമേൽ ഒന്നായാണ് ക്രമീകരിച്ചിരിക്കുന്നത്. ശല്ക്കങ്ങളിലാകട്ടെ തേനീച്ചക്കൂടുകളിലെ അറകൾപോലെയുള്ള സുഷിരങ്ങളുടെ പല നിരകളുണ്ട്. ഈ സുഷിരങ്ങളെ തമ്മിൽ വേർതിരിക്കുന്ന തലതിരിച്ച V ആകൃതിയിലുള്ള വരമ്പുകൾ അവയിലേക്കു വെളിച്ചം കടത്തിവിടുന്നു. ചിത്രശലഭത്തിന്റെ ചിറകുകളുടെ വിദഗ്ധമായ ഈ രൂപകല്പന, കടന്നുവരുന്ന സൂര്യപ്രകാശത്തെ പിടിച്ചുവെക്കാൻ സഹായിക്കുന്നു. അതിന്റെ ഫലമായി ചിറകുകൾ കടും കറുപ്പാകുകയും അങ്ങനെ അത്ഭുതകരമായ വിധത്തിൽ ചിത്രശലഭത്തിനു ചൂടേകുകയും ചെയ്യുന്നു.

"പ്രകൃതിയിൽ കാണുന്ന ഏറ്റവും മൃദുലമായ ഘടനകളിൽ ഒന്നായിരിക്കാം ചിത്രശലഭത്തിന്റെ ചിറകുകൾ. എന്നിരുന്നാലും , ഒരു നൂതന സാങ്കേതികവിദ്യ കണ്ടുപിടിക്കാൻ ഇതു ഗവേഷകർക്ക് ശക്തമായ പ്രചോദനം നൽകിയിരിക്കുന്നു. ജലവും സൂര്യപ്രകാശവും ഉപയോഗിച്ച് ഹൈഡ്രജൻ വാതകം (ഭാവിയിലെ പരിസ്ഥിതി സൗഹൃദ ഇന്ധനം) ഇപ്പോഴത്തേതിലും ഇരട്ടിയോളം ഉത്പാദിപ്പിക്കാൻ ഈ സാങ്കേതികവിദ്യയിലൂടെ കഴിഞ്ഞേക്കും എന്ന് ഒരു വാർത്താ വെബ്സൈറ്റ് പറയുന്നു. കൂടാതെ, വെളിച്ചത്തിന്റെ സാന്നിധ്യം തിരിച്ചറിയാനാകുന്ന ഉപകരണങ്ങൾ, സൗരോർജ്ജ സെല്ലുകൾ എന്നിവ നിർമിക്കാനും ഈ വിദ്യ പ്രയോജനപ്പെടുത്താനാകും.

നിങ്ങൾക്ക് എന്തു തോന്നുന്നു? വെളിച്ചം ആഗിരണം ചെയ്യാൻ പര്യാപ്തമായ ചിത്രശലഭത്തിന്റെ ചിറക് രൂപപ്പെട്ടത് പരിണാമപ്രക്രിയയിലൂടെയാണോ? അതോ ആരെങ്കിലും അത് രൂപകൽപ്പന ചെയ്തതാണോ?




☺നൂറുരൂപയ്ക്ക് 50 പേജുള്ള മാസിക ലഭിക്കുമ്പോൾ 8 പേജുള്ള വേദാഭിമാനിക്ക് 150 രൂപാ എന്നുള്ളത് അനീതിയല്ലേ.

*സി. ജോർജ്ജ്, ചുമത്ര, തിരുവല്ല.*

**☹100 രൂപയ്ക്ക് ഒരു പിടിവണ്ടി വിറകു കിട്ടും. ആ വിലയ്ക്ക് സ്വർണ്ണം കിട്ടണം എന്ന് വാശി പിടിയ്ക്കരുത്.**

☺ആത്മീയ നേതാക്കന്മാരോട് പറയാനുള്ളത്.

*പാ.സി.ജയദാസ്, വേഴുമ്പ്ര, വടശ്ശേരിക്കര.*

**☹നല്ല നടപ്പിലൂടെ ലഭിക്കേണ്ടത് കയ്യിലിരിപ്പുകൊണ്ട് നടഷ്ടപ്പെടുത്തരുത്.**

☺കേന്ദ്രസർക്കാരിന്റെ ഹിഡൻ അജണ്ടയാണ് വർഗ്ഗീയത എന്നു മനസ്സിലാക്കാതെയല്ലേ ചിലർ കേന്ദ്ര നേതൃത്വത്തെ വാനോളം പുകഴ്ത്തിയത്.

*ജോയി പനവേലിൽ, ഇളമ്പൽ, കൊല്ലം.*

**☹വർഗ്ഗീയത ഹിഡൻ അജണ്ടയല്ല. തുറന്ന അജണ്ടയാണ്. കോർപ്പറേറ്റ് വികസനമാണ് ഹിഡൻ അജണ്ട.**

☺ സമ്പത്തും അനുഗ്രഹവും വേണ്ടെന്ന വാശി താങ്കൾ ഉപേക്ഷിക്കണം.

*ടി.ഡി.ജോൺ, പാളയം, തിരുവനന്തപുരം.*

**☹ആർക്കു വാശി, ഒരു വാശിയുമില്ല. നിങ്ങൾ എന്നെ പണക്കാരനാക്കുക. നോട്ടെണ്ണുന്ന മെഷ്യൻ ഞാൻ വാങ്ങിച്ചുകൊള്ളാം.**

☺അന്ന് വിശ്വാസവും പ്രത്യാശയും ഇന്നോ...

*ജേക്കബ് കുര്യൻ, വെളിയന്നൂർ, തൃശ്ശൂർ*

**☹ആർത്തിയും അതിന്റെ പ്രളയവും.**

☺വളഞ്ഞ വഴിയെ പോയി വളഞ്ഞുനിന്ന് കാര്യം കാണുന്നവരുടെ വിജയരഹസ്യം.

*ജോയി പാറക്കടവ്, മണിപ്പുഴ, മൂലവട്ടം*

**☹വളഞ്ഞു നിന്നാൽ ആരും ഒടിയ്ക്കില്ല.**

☺അനേക ചോദ്യങ്ങളുമായി ആത്മീയ ജീവിതത്തെ അഭിമുഖീകരിക്കുന്നവർക്കുള്ള സന്ദേശം.

*ജെ.ജോസഫ്, കൊച്ചാറ, ഇടുക്കി*

**☹ സന്ദേഹം ഇല്ലാതാക്കുക. പിന്നെ സന്ദേശം വേണ്ടിവരില്ല.**




Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul's Offset Mavelikara. Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew